# വേദാഭിമാനി

Vol.21 | No.8 | കാർത്തികപ്പള്ളി | R.No. 7361/02 | 2021 AUGUST

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com

## നൂറുദിവസം ഒരു വസ്ത്രം



ഓരോ ദിവസവും ഓരോ വസ്ത്രം ധരിക്കുന്നവരാണ് നാം. ഒരു വസ്ത്രം ജീവിതത്തിൽ ഒരിക്കൽ ഉപയോഗിക്കുന്നവരുമുണ്ട്. എന്നാൽ 100 ദിവസം ഒരേ വസ്ത്രം ധരിക്കുന്ന ആളെ കണ്ടിട്ടുണ്ടോ? പ്രമുഖ വസ്ത്ര ബ്രാൻഡായ വൂളിന്റെ 100 ദിന വസ്ത്ര ചലഞ്ചാണ് സംഭവം. 100 ദിവസം ഒരേ വസ്ത്രം തന്നെ ധരിക്കുക എന്നതാണ് ഈ ചലഞ്ച്. ലളിതമായ ജീവിതം കൊണ്ട് സംതൃപ്തി നേടാൻ പ്രാപ്തരാക്കുക എന്നതായിരുന്നു ഇതിലൂടെ ലക്ഷ്യമിട്ടത്.

## ആഡംബരത്തിന്റെ അവസാനവാക്ക്

ലോകത്തെ ഏറ്റവും വലിയ വാക്സിൻ നിർമ്മാതാക്കളായ സെറം



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ സി.ഇ.ഒ. അഡാർ പൂനവാല ലണ്ടനിൽ താമസിക്കുന്ന ആഡംബര വസതിക്ക് മാസവാടക രണ്ടരക്കോടി രൂപ. പോളണ്ടിലെ കോടീശ്വരനായ ഡൊമിനിക്ക കുൽച്നിക്കിൽനിന്ന് പരമരഹസ്യമായാണ് പൂനാവാല വീട് വാടകയ്ക്കെടുത്തിരിക്കുന്നതെന്ന് റിപ്പോർട്ടുകൾ പറയുന്നു. ലണ്ടനിലെ ഏറ്റവും മനോഹരമായ പ്രദേശത്തുള്ള മേഫെയറിൽ കൊട്ടാരസമാനമായ വസതിയുടെ വലിപ്പം 25,000 സ്ക്വയർഫീറ്റാണ്. സാധാരണ ഇംഗ്ലീഷ് വീടുകളേക്കാൾ 24 ഇരട്ടി വലിപ്പമുള്ളതാണ് ഇത്. ഗസ്റ്റ് ഹൗസ്, രഹസ്യ ഉദ്യാനം എന്നീ സൗകര്യങ്ങൾ അടങ്ങുന്നതാണ് വസതി.

## വിസ്മയ നൗക

ഒരു വിസ്മയം കടലിലൊഴുകാൻ ഒരുങ്ങുന്നു. കാഴ്ചയിലും ആഡംബരത്തിലും വിലയിലുമെല്ലാം വിസ്മയിപ്പിക്കാനൊരുങ്ങുന്ന നൗകയ്ക്ക് പേരിങ്ങനെ-എർത്ത് 300. വെറുമൊരു ആഡംബരക്കപ്പൽ മാത്രമല്ല എർത്ത് 300. ഇതൊരു സഞ്ചരിക്കുന്ന ലബോറട്ടറി സമുച്ചയം ആണ്. 22 ലാബുകളും വിവിധ ശാസ്ത്രശാഖകളിലെ ശാസ്ത്രജ്ഞരും, പരിസ്ഥിതി പ്രവർത്തകരും, സമ്പന്നരായ ചുരുക്കം ചില വിനോദസഞ്ചാരികളും, ജീവനക്കാരും ഉൾപ്പെടെ 450 പേരുടെ സംഘമാണ് ഈ നൗകയിൽ ഉണ്ടാകുക. ശാസ്ത്രപഠനം ലക്ഷ്യമാക്കി സഞ്ചരിക്കാനൊരുങ്ങുന്ന യാച്ചിൽ 40 വിനോദ സഞ്ചാരികളെ മാത്രമാണ് പ്രവേശിപ്പിക്കുക. ഇതിനുള്ള ടിക്കറ്റ് ചാർജ് കേട്ടാൽ ഞെട്ടരുത്. 3 മില്യൺ യൂറോ. ഏകദേശം 27 കോടി രൂപ. ഇത്രയും തുക നൽകിയാൽ 10 ദിവസം യാച്ചിൽ കഴിയാം.

പ്രകൃതിയോടും കലയോടും ശാസ്ത്രത്തോടും നീതിപുലർത്തുന്ന നിർമ്മാണം എന്നാണ് പദ്ധതിക്കു പിന്നിലുള്ള സമ്പന്നൻ ആരൺ ഒലിവര 'എർത്ത് 300' എന്ന നൗകയെ വിശേഷിപ്പിക്കുന്നത്. ആണവോർജ്ജത്തിൽ പ്രവർത്തിക്കുന്നതാണ് നൗക. ഇതിനാൽ മലിനീകരണം



ഉണ്ടാകില്ലെന്ന് ആരൺ പറയുന്നു. 500 മില്യൺ യൂറോയാണ് ഈ നൗകയുടെ നിർമ്മാണച്ചെലവായി പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ മാർച്ചിലാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്.

എലോൺ മസ്ക്, ജെഫ് ബെസോസ് എന്നിവർ ബഹിരാകാശം തിരഞ്ഞെടുത്തതുകൊണ്ട് ആരൺ കടലിനെ തിരഞ്ഞെടുക്കുകയായിരുന്നു. കാഴ്ചയിൽ തന്നെ കൗതുകം ജനിപ്പിക്കുന്ന നൗകയിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ ശാസ്ത്രശാഖകളിൽ ഗവേഷണം നടത്താനുള്ള സൗകര്യമൊരുക്കും. ഈ യാച്ചുമായി ലോകം ചുറ്റാനാണ് ആരണിന്റെ പ്ലാൻ. ഇതിനായി ശാസ്ത്രജ്ഞരുൾപ്പെട്ട സംഘത്തെ തിരഞ്ഞെടുത്തുകഴിഞ്ഞു. ഇവർക്ക് പുറമേ തിരഞ്ഞെടുക്കുന്ന 20 വിദ്യാർത്ഥികൾക്കും യാച്ചിൽ കഴിയാം.

## സിഗ്നൽ കൊടുക്കുന്ന ടാറ്റു

ആരെങ്കിലും അതിക്രമിച്ചു കയറുമ്പോൾ ചുവന്ന ബൾബ് മിന്നിച്ച് സിഗ്നൽ കൊടുക്കുന്ന വിദ്യ കണ്ടിട്ടില്ലേ? നമ്മുടെ ശരീരത്തിലും ഈ സൂത്രമുണ്ടെങ്കിലോ? ജർമ്മനിയിലെ ജൊഹാനസ് ഗുട്ടൻബർഗ് യൂണിവേഴ്സിറ്റിയിലെ ഗവേഷകർ അത്തരത്തിലൊന്ന് കണ്ടുപിടിച്ചു.

'ശരീരത്തിലെ മാറ്റങ്ങൾക്കനുസരിച്ച് നിറം മാറുന്ന ഒരു ടാറ്റൂ!' അങ്ങനെയാണ് ഗവേഷകർ പുത്തൻ കണ്ടുപിടിത്തത്തെ വിശേഷിപ്പിക്കുന്നത്. തൊലിക്കടിയിലാണ് ഈ കൊച്ചു 'ടാറ്റൂ' ഘടിപ്പിക്കുക. ശരീരത്തിൽ രാസവസ്തുക്കളുടെയും മരുന്നി



ന്റെയുമെല്ലാം സൂചന കിട്ടിയാൽ ടാറ്റൂ അതനുസരിച്ച് നിറം മാറി സിഗ്നൽ തരും. സ്വർണത്തിന്റെ തീരെ ചെറിയ തരികളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. ചികിത്സയിലും മരുന്നുകളുടെ ഗവേഷണത്തിലുമെല്ലാം ഈ ടാറ്റൂ വിദ്യ വഴിത്തിരിവാകും.

## 'ബഹിരാഹാര' മത്സരം!

ബഹിരാകാശത്തെ ആഹാരമത്സരം! സംഘടിപ്പിക്കുന്നതോ? അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസ! ബഹിരാകാശയാത്ര ചെയ്യുന്നവരുടെ ആഹാരം എങ്ങനെയായിരിക്കണം? ഇക്കാര്യത്തിൽ ഇപ്പോൾ പിന്തുടരുന്നതല്ലാതെ എന്തെങ്കിലും പുതിയ വഴികൾ കണ്ടെത്താൻ പറ്റുമോ? അതിനുവേണ്ടിയാണ് നാസ മത്സരം സംഘടിപ്പിച്ചിരിക്കുന്നത്! 'ഡീപ് സ്പേസ് ഫുഡ് ചലഞ്ച്' എന്നാണ് ഈ മത്സരത്തിന് പേര്.

ഏറ്റവും കുറഞ്ഞ വിഭവങ്ങൾ ഉപയോഗിച്ച് ഏറ്റവും പോഷകസമൃദ്ധവും സുരക്ഷിതവും രുചികരവുമായ ആഹാരം വേണം. 'വേസ്റ്റ്' കുറവായിരിക്കുകയും



വേണം! ഇതിനുള്ള പുത്തൻ ആശയങ്ങളാണ് 'നാസ' ക്ഷണിച്ചിരിക്കുന്നത്.

ഏറ്റവും നല്ല ഐഡിയയ്ക്ക് സമ്മാനമുണ്ട്-അഞ്ചു ലക്ഷം ഡോളർ! അതായത്, ഏകദേശം മൂന്നുകോടി അറുപതു ലക്ഷം രൂപ!

## വേർപിരിയൽ തീരാനഷ്ടം

ലോകത്തെ കോടീശ്വരന്മാരിൽ ഒരാളും മൈക്രോസോഫ്റ്റ് സഹസ്ഥാപകനും മേധാവിയുമായിരുന്ന ബിൽ ഗേറ്റ്സും ഭാര്യ മെലിൻഡാ ഗേറ്റ്സും 27 വർഷത്തെ വിവാഹബന്ധം വേർപെടുത്താൻ തീരുമാനിച്ചു. ഇരുവരുടെയും കയ്യിലുള്ള ധനക്കൂമ്പാരത്തിന്റെ ഭാവിയെക്കുറിച്ചും ചർച്ചകൾ തുടങ്ങി. തങ്ങൾ വിവാഹബന്ധം തുടരുന്നതിനെക്കുറിച്ച് വളരെയധികം ആലോചിച്ചുവെന്നും എന്നാൽ പിന്നീട് വേർപിരിയാൻ തീരുമാനിക്കുകയായിരുന്നു എന്നും ഗേറ്റ്സ് വെളിപ്പെടുത്തി.

തങ്ങൾ മൂന്നു മിടുമിടുക്കരായ മക്കളെ വളർത്തിക്കൊണ്ടുവന്നതായും, ലോകത്തെ എല്ലാ ജനങ്ങളും ആരോഗ്യത്തോടെയിരിക്കാനായി ബിൽ ആൻഡ് മെലിൻഡാ ഗേറ്റ്സ് ഫൗണ്ടേഷൻ നടത്തിക്കൊണ്ടുവന്നതായും അദ്ദേഹം പറയുന്നു. 2000-ത്തിൽ സ്ഥാപിച്ചതാണ് ഫൗണ്ടേഷൻ. തങ്ങളുടെ ജീവിതത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് ഒപ്പം വളരാനാവില്ലെന്നു മനസ്സിലാക്കിയതാണ് വിവാഹമോചനത്തിനു കാരണമെന്ന് ബിൽഗേറ്റ്സ് പറയുന്നു. മൈക്രോസോഫ്റ്റിന്റെ 1.3 ശതമാനം ഓഹരികൾ ഇപ്പോഴും ബിൽഗേറ്റ്സിന്റേതാണ്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ആസ്തി 130 ബില്ല്യൺ ഡോളറാണ്. ആമസോൺ മേധാവി ജെഫ് ബെസോസിന്റെ വിവാഹ



മോചനത്തിനു ശേഷം ധനികർക്കിടയിൽ ഉണ്ടാകുന്ന അടുത്ത വേർപിരിയലായും ഇതിനെ കാണുന്നു.

ഗേറ്റ്സ് ഫൗണ്ടേഷന്റെ ആസ്തി 50000 കോടി ഡോളറാണ്. ലോകത്തെ ഏറ്റവും വലിയ സ്വകാര്യ ദാനധർമ്മ സ്ഥാപനവുമാണിത്. ഫൗണ്ടേഷൻ 2018-19 കാലഘട്ടത്തിൽ 5000 കോടി ഡോളറാണ് ദാനധർമ്മങ്ങൾക്കായി വിനിയോഗിച്ചിരിക്കുന്നത്. ഗേറ്റ്സ് ദമ്പതികളുടെ വേർപിരിയൽ പ്രസ്താവന ഈ മേഖലയിലുള്ളവർക്ക് ഞെട്ടലുണ്ടാക്കി. ഈ ദമ്പതികൾ ലോകത്തിന് മുൻപിൽ വിവിധ തരത്തിലുള്ള ദാനധർമ്മ രീതികളാണ് അവതരിപ്പിച്ചിരുന്നത്. ഈ മേഖലയിൽ സമീപകാലത്ത് ഏറ്റവുമധികം മാറ്റം കൊണ്ടുവന്നത് ഇവരായിരുന്നുവെന്നും പറയുന്നു. ഇവരുടെ പിരിയലിലൂടെ നഷ്ടമാകുന്നത് ലോകത്തെ ഏറ്റവും വലിയ സാമൂഹിക സേവന പ്രവർത്തനങ്ങളാണ്.

## മാക് മതി

വിവാഹമോചനക്കേസുകളിലെ നിലപാടുകളും വാശികളുമൊക്കെ പലപ്പോഴും കോടതിക്കുപോലും തലവേദനയായി മാറാറുണ്ട്.

കേൾക്കുമ്പോൾ ചിലതൊക്കെ പലർക്കും തമാശയായി തോന്നും, ചിലതൊക്കെ അമ്പരപ്പ് ഉളവാക്കും.... സെലിബ്രിറ്റികളുടെ വിവാഹാലോചനക്കഥകളും പലപ്പോഴും ഇങ്ങനെ വാർത്തകളിൽ നിറയാറുണ്ട്.

വിവാഹബന്ധം വേർപെടുത്തുന്ന ദമ്പതികൾക്കിടയിൽ സമ്പത്തിനെച്ചൊല്ലിയുള്ള തർക്കവും പതിവാണ്. ഒരു വിവാഹമോചനത്തോടെ കോടീശ്വരന്മാർ വരെ പാപ്പരായ കഥകൾ എത്ര



കേട്ടിരിക്കുന്നു.

എന്നാൽ, മാഞ്ചസ്റ്ററിലെ വേസ്റ്റിയിൽ നിന്നുള്ള റയാൻ ജിഗ്സ് - കേറ്റ് ഗ്രിവില്ലി ദമ്പതികൾക്കിടയിൽ സമ്പത്തൊന്നുമല്ല പ്രശ്നം.

പിന്നെയോ മാക് എന്ന വളർത്തുനായയാണ് പ്രശ്നക്കാരൻ. ബന്ധം വേർപിരിഞ്ഞു പോകുമ്പോൾ ഇരുവർക്കും മാകിനെ കൂടെ കൊണ്ടുപോകണം. പലരുടെയും ജീവിതത്തിൽ കുട്ടികളുടെ കാര്യത്തിൽ പോലുമില്ലാതിരുന്ന തർക്കമാണ് പട്ടിയുടെ കാര്യത്തിൽ രൂക്ഷമായത്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
| --- | --- | --- | --- | --- | --- | --- |
| ടി.എം. വർഗ്ഗീസ് | എബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ । ഡിജിറ്റൽ । ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |



# ദൈവഭക്തിയുടെ മർമ്മം

ഇന്നത്തെ ലോകത്തിന്റെ ഗതിവിഗതികൾ പഠിക്കുന്ന ഏതൊരു നിഷ്പക്ഷമതിയും ഇനി ഇതിന്റെ അന്ത്യത്തിന് അധികനാളുകൾ ഇല്ലെന്നു സമ്മതിക്കും. പതനസ്ഥലത്തേക്ക് അടുക്കുന്തോറും ഒരു നദിയുടെ ഒഴുക്കിനു ശക്തിയും വേഗവും വർദ്ധിക്കുമല്ലോ. ഇന്നത്തെ ലോകത്തിന്റെ തിടുക്കവും വേഗവും സൂചിപ്പിക്കുന്നത് അത് അതിന്റെ അനിവാര്യമായ അന്ത്യത്തിലേക്കു കൂപ്പുകുത്തുവാനുള്ള സമയത്തിലേക്ക് അതിവേഗം അടുത്തുകൊണ്ടിരിക്കുന്നു എന്നാണ്.

ലോകാവസാനത്തിന്റെ പല ലക്ഷണങ്ങളെക്കുറിച്ചു ബൈബിൾ വിവരിച്ചിട്ടുണ്ട്. എന്നാൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ക്രിസ്തീയഗോളത്തിൽ പ്രകടമാകുന്ന അന്ത്യകാല ലക്ഷണങ്ങളാണ് ഏറെ ശ്രദ്ധേയം.

ക്രിസ്തീയ ലോകത്ത് അന്ത്യനാളിൽ സംഭവിക്കുന്ന ഒരു കാര്യം യഥാർത്ഥ വിശ്വാസത്തിന്റെ നഷ്ടമാണ്. 'എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?' എന്ന് യേശുതന്നെ ഇതേക്കുറിച്ചു പറഞ്ഞിരിക്കുന്നു (ലൂക്കോ.18:8).



മറ്റൊരു വേദഭാഗം കാണുക: "എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവു തെളിവായി പറയുന്നു' (1 തിമൊഥെ.4:1).

ഇവിടെയും ആത്മാവ് തെളിവായി പറയുന്നതു വിശ്വാസത്യാഗം സംഭവിക്കും എന്നുതന്നെയാണ്.

ക്രിസ്തീയഗോളത്തെ സംബന്ധിച്ച് ഇന്ന് ഒറ്റനോട്ടത്തിൽ ഇതു ശരിയല്ലെന്നു തോന്നാം. കാരണം, ഇന്നു വിശ്വാസം കുറയുന്നതായല്ല മറിച്ച് വളരെയധികം വർദ്ധിക്കുന്നതായാണ് കാണുന്നത്. എവിടെയും വിശ്വാസത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ. വിശ്വാസത്തിന് ഊന്നൽ കൊടുക്കുന്ന പ്രവർത്തനങ്ങൾ... അങ്ങനെയെങ്കിൽ ഈ അന്ത്യനാളിൽ കണ്ടെത്താൻ കഴിയാതെവണ്ണം വിശ്വാസം ശോഷിച്ചുപോകുകയല്ലല്ലോ; മറിച്ച് വർദ്ധിച്ചുവരികയല്ലേ ചെയ്യുന്നത്?

എന്നാൽ അന്ത്യനാളിൽ ഏതുതരം വിശ്വാസമാണ് നഷ്ടപ്പെട്ടു പോകുന്നതെന്ന് 1 തിമൊഥെയോസ് 3:16 വ്യക്തമാക്കുന്നുണ്ട്. 'ഭാവികാലത്തു ചിലർ വിശ്വാസം ത്യജിക്കും' എന്നു ഉറപ്പിച്ചുപറയുന്ന 1 തിമൊഥെയോസ് 4:1 എന്ന വചനം അതിന്റെ തൊട്ടുമുകളിലുള്ള 1 തിമൊഥെയോസ് 3:16നോടു ചേർത്തു വായിച്ചാൽ അന്ത്യനാളിൽ ആളുകൾ ഏതു വിശ്വാസമാണ് ത്യജിക്കുന്നതെന്നു മനസ്സിലാക്കാം.

1 തിമൊഥെയോസ് 3:16 നോക്കുക: 'അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു' (3:16).

ദൈവഭക്തിയുടെ വലിയ മർമ്മമാണിത്! ഇവിടെ യേശുക്രിസ്തുവിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അവിടുന്നു ജഡത്തിൽ വെളിപ്പെട്ടു ഭൂമിയിൽ ജീവിച്ചു. അവിടുന്നു പാപത്തിന്റെ ഒരു ലാഞ്ചനപോലും ഇല്ലാതെയാണു ഈ ഭൂമിയിൽ ജീവിച്ചത്. നമുക്കു മുന്നോടി (fore runner)യായി പോയ യേശുവിന്റെ ഈ ജീവിതം നമുക്കുതരുന്ന വിശ്വാസം എന്താണ്? ജഡത്തിൽ ജീവിച്ചാലും പാപത്തിന്റെ മേൽ ജയമുള്ള ഒരു ജീവിതം നമുക്കും നയിക്കാൻ കഴിയും എന്നതാണ്.

ഇതാണ് ദൈവഭക്തിയുടെ രഹസ്യം. എന്നാൽ ഈ വിശ്വാസം ഭാവികാലത്തു ചിലർ ത്യജിക്കുമെന്നാണ് അപ്പോസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത്.

ഇതു ശരിയല്ലേ? ഇന്നു വിശ്വാസത്തിന്റെ കാലമാണെന്നു പലരും പ്രഖ്യാപിക്കുന്നു. എന്നാൽ പാപത്തിന്റെമേൽ ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയ ജീവിതം സാധ്യമാണെന്നു വിശ്വസിക്കുന്നവർ എത്രയോ വിരളമാണ്! ജയകരമായ ജീവിതത്തെക്കുറിച്ചുള്ള വിശ്വാസം ത്യജിച്ചുകളഞ്ഞിരിക്കുന്ന ഒരു 'വിശ്വാസസമൂഹമല്ലേ' ഇന്നുള്ളത്? ഇന്നു വിശ്വാസത്തെക്കുറിച്ചു വാതോരാതെ പറയുന്ന 'വിശ്വാസിക'ളുണ്ട്. എന്നാൽ 1 തിമൊഥെയോസ് 3:16–ൽ കാണുന്ന ദൈവഭക്തിയുടെ വലിയ മർമ്മമായ ജയകരമായ ജീവിതത്തെക്കുറിച്ചുള്ള യഥാർത്ഥ വിശ്വാസം അവർക്കു കൈമോശം വന്നിരിക്കുന്നു. ഭാവികാലത്ത് ചിലർ യഥാർത്ഥ വിശ്വാസം ത്യജിക്കുമെന്ന് ഒന്നാം നൂറ്റാണ്ടിൽ പൗലോസ് ദീർഘദർശനം ചെയ്തത് ഇന്നു സത്യമായി പരിണമിച്ചിരിക്കുകയല്ലേ? ഇന്നു മനുഷ്യപുത്രൻ വന്നാൽ ഈ യഥാർത്ഥവിശ്വാസം കണ്ടെത്തുന്നത് എത്ര ദുഷ്ക്കരമായിരിക്കും!

അന്ത്യകാലത്തെക്കുറിച്ചുള്ള മറ്റൊരു വചനം ശ്രദ്ധിക്കുക: 'അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും... ആയി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും' (2 തിമൊഥെയോസ് 3:1). ഇവിടെ ലോകമനുഷ്യരെക്കുറിച്ചല്ല മറിച്ച് വിശ്വാസികളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്ന് 'ഭക്തിയുടെ വേഷം ധരിച്ച്' എന്ന പദപ്രയോഗത്തിൽനിന്നു വ്യക്തമാണല്ലോ. അങ്ങനെയെങ്കിൽ അന്ത്യകാലത്ത് വിശ്വാസി എന്തുകൊണ്ടാണ് ഈ ഒരു പതനത്തിൽ എത്തിച്ചേരുന്നത്? 'യേശു ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു' എന്ന സത്യം അവർ കാണാത്തതുകൊണ്ടല്ലേ? ഫലം, ഈ ലോകജീവിതത്തിൽ തനിക്കും യേശുവിനെ അനുഗമിച്ച് ജയകരമായ ഒരു ജീവിതം നയിക്കാൻ കഴിയും എന്ന വിശ്വാസം അവർക്കു കയ്യാളാൻ കഴിയുന്നില്ല. 'വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ' യേശുവിനെ നോക്കി, തന്നെ മാതൃകയാക്കി, സ്വന്തജീവിതത്തെ യേശുവിന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ വിധിച്ച് ദിനംതോറും മുന്നോട്ടു പോയാൽ മാത്രമേ ഒരുവനു തന്റെ ജഡത്തിലെ തിന്മകളെ കാണാനും അവയിൽ നിന്നു ശുദ്ധീകരണം പ്രാപിച്ചുകൊണ്ടിരിക്കുവാനും കഴിയുകയുള്ളൂ. പിശാചിന് ഈ കാര്യം വളരെ നന്നായി അറിയാം എന്നതുകൊണ്ട് അവൻ ഈ സത്യത്തിനു നേരേ വിശ്വാസികളുടെ കണ്ണിനെ ഇന്നു കുരുടാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി വിശ്വാസി ഇന്ന് സ്വസ്നേഹിയും, ദ്രവ്യാഗ്രഹിയും, വമ്പുപറയുന്നവനും, അഹങ്കാരിയും, ദൂഷകനും... ഭക്തിയുടെ വേഷം മാത്രം ഉള്ളവനും പാപത്തെ ജയിച്ചു ജീവിക്കാൻ ശക്തിയില്ലാത്തവനുമായി മാറിയിരിക്കുന്നു! എത്ര പരിതാപകരം!

യഥാർത്ഥവിശ്വാസം ജയകരമായ ജീവിതത്തിനു ശക്തിനൽകുന്ന വിശ്വാസമാണ്. പ്രധാനപ്പെട്ട ഈ കാര്യത്തിൽ നിന്നു നമ്മുടെ ശ്രദ്ധയെ മാറ്റുന്ന എതിർക്രിസ്തുവിന്റെ ആത്മാവ് ഇന്നു ക്രൈസ്തവലോകത്തു ശക്തമാണ്. നാം ഇതു തിരിച്ചറിയുമോ? ദൈവഭക്തിയുടെ രഹസ്യം മനസ്സിലാക്കി ഈ അന്ത്യകാലത്ത് എതിർക്രിസ്തുവിന്റെ ആത്മാവിനെതിരെ ഒരു നിലപാടെടുക്കുമോ?



# എന്നു നാം തൃപ്തരാകും

അതിസുന്ദരിയായ ഭാര്യയും മിടുമിടുക്കരായ മക്കളും കച്ചവടത്തിലടെ ഇന്ത്യയിൽനിന്നും അറേബ്യയിൽനിന്നുമൊക്കെ സമ്പാദിച്ച അതിഭീമമായ സമ്പത്ത്. സ്വർണ്ണാഭരണങ്ങളുടെയും വിലയേറിയ രത്നങ്ങളുടെയുമൊക്കെ വലിയ കൂമ്പാരം. താമസിക്കാൻ സ്വപ്നസമാനമായ മാളിക. ശുശ്രൂഷിക്കാൻ ആവശ്യത്തിലേറെ വിശ്വസ്തസേവകർ. നാട്ടിലാണെങ്കിൽ എല്ലാവർക്കും നല്ല അഭിപ്രായം.

പക്ഷേ, കാലം ചെല്ലുംതോറും ഡമാസ്കസിലെ ബാറൂക്ക് എന്ന ധനാഢ്യന് മനസ്സിൽ എന്തോ നൊമ്പരംപോലെ. ആ നൊമ്പരം കുറയുകയല്ല, കൂടുകയാണെന്നു കണ്ടപ്പോൾ അദ്ദേഹം ഭാര്യയോടു വിവരം പറഞ്ഞു. പക്ഷേ, അപ്പോഴും ആശ്വാസം തോന്നിയില്ല. പിന്നീട് വൈദ്യന്മാരെക്കണ്ടു. ശാരീരിക രോഗത്തിനായിരുന്നെങ്കിൽ അവർ പ്രതിവിധി കാണുമായിരുന്നു. എന്നാൽ, രോഗം മനസിനായിരുന്നതിനാൽ അവർ നിസഹായത പ്രകടിപ്പിച്ചു.



ബാറൂക്ക് അങ്ങനെ അശാന്തനായിക്കഴിയുമ്പോൾ അകലെയുള്ള മെസ്റെയ്മിൽ ഒരു വലിയ സിദ്ധനുണ്ടെന്നു കേട്ടു. ആരുടെ, ഏതുരോഗവും സുഖപ്പെടുത്താൻ കഴിവുള്ളവനാണത്രേ ആ ദിവ്യൻ. ബാറൂക്ക് എത്രയും വേഗം ആ സിദ്ധനെ കാണാൻ പുറപ്പെട്ടു. മരുഭൂമിയിലൂടെ ഒട്ടകപ്പുറത്തായിരുന്നു യാത്ര. അകമ്പടി സേവിക്കാൻ രണ്ടു സേവകരുമുണ്ടായിരുന്നു. യാത്രയ്ക്കിടയിൽ ചുട്ടുപൊള്ളുന്ന ചൂടായിരുന്നു. തന്മൂലം പ്രതീക്ഷിച്ചതിലേറെ വെള്ളം പെട്ടെന്നു ചെലവായി. അധികം താമസിയാതെ അവർ കരുതിവെച്ചിരുന്ന വെള്ളം തീർന്നുപോയി. പക്ഷേ, അപ്പോഴും യാത്ര പകുതി ദൂരം പിന്നിട്ടിരുന്നില്ല.

മുന്നിലും പിന്നിലും ഇരുവശങ്ങളിലും നീണ്ടുനിവർന്നുകിടക്കുന്ന മരുഭൂമി. പെട്ടെന്നെങ്ങും ഒരു ജലസ്രോതസിലെത്താനുള്ള സാധ്യത അവർ കണ്ടില്ല. അതുകൊണ്ട് ഒരു ഒട്ടകത്തെ കൊന്ന് അതിന്റെയുള്ളിൽനിന്നു ലഭ്യമായ ജലമെടുത്തു. പക്ഷേ, അതും പെട്ടെന്നു തീർന്നു. ശേഷിച്ചിരുന്ന ഒട്ടകങ്ങളെക്കൂടി കൊന്നു ജലമെടുത്താൽ യാത്ര മണലാരുണ്യത്തിൽ വേഗം അവസാനിക്കും. അതുകൊണ്ട് അവശേഷിച്ച ഒട്ടകങ്ങളെ കൊന്നില്ല.

ദാഹംകൊണ്ടു വലഞ്ഞപ്പോൾ ബാറൂക്ക് തന്റെ മണിമാളികയെക്കുറിച്ചോർത്തു. അവിടെയുള്ള സൗഭാഗ്യങ്ങളെക്കുറിച്ചോർത്തു. നിലയ്ക്കാത്ത ജലധാരയെക്കുറിച്ചോർത്തു. ഭാര്യയേയും മക്കളേയും കുറിച്ചോർത്തു. തന്റെ ഈ സൗഭ്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ട് മനഃശാന്തിക്കുവേണ്ടി സിദ്ധനെ തേടിയിറങ്ങിയതിൽ അദ്ദേഹത്തിന് ഏറെ ദുഃഖം തോന്നി. ദാഹംതീർക്കാൻ കുറെ ജലം ലഭിച്ചാൽ തന്റെ സമ്പത്തു മുഴുവൻ അതിനു പ്രതിനന്ദിയായി കൊടുക്കാൻ ബാറൂക്ക് അപ്പോൾ തയാറായിരുന്നു. ദൈവം തനിക്കു നല്കിയ സൗഭാഗ്യങ്ങൾ താൻ കാണാതെപോയി എന്ന തിരിച്ചറിവ് അപ്പോൾ അദ്ദേഹത്തിനുണ്ടായി.

ബാറൂക്ക് ഇങ്ങനെ പ്രാർത്ഥിച്ചു: "ദൈവമേ, ഞങ്ങൾക്കല്പം ശുദ്ധജലം തന്നാൽ മാത്രം മതി. മറ്റൊന്നും ഞങ്ങൾക്കുവേണ്ട. ഞങ്ങളോട് കരുണ കാട്ടേണമേ." ബാറൂക്കിന്റെ പ്രാർത്ഥനയ്ക്കു ഫലമുണ്ടായി. അധികം താമസിയാതെ അവർ ചെറിയൊരു തടാകം കണ്ടെത്തി. അവിടെനിന്നു വെള്ളം കുടിച്ചു തൃപ്തരായപ്പോൾ ഭൃത്യന്മാരിലൊരാൾ ചോദിച്ചു. "ഇനിയും നാം യാത്ര തുടരുകയാണോ?". "അതേ, യാത്ര തുടരുകയാണ്. പക്ഷേ, യാത്ര തിരികെ വീട്ടിലേക്കാണെന്നു മാത്രം". അദ്ദേഹം പറഞ്ഞു.

"അപ്പോൾ സിദ്ധനെ കാണുന്ന കാര്യമോ?" ഭൃത്യൻ വിനയപൂർവ്വം ചോദിച്ചു. "സിദ്ധനിൽ നിന്നു നേടാൻ കരുതിയിരുന്നതു ഞാൻ ഇതിനകം നേടിക്കഴിഞ്ഞു". അദ്ദേഹം പറഞ്ഞു. മരുഭൂമിയിൽ വെള്ളമില്ലാതെ വലഞ്ഞപ്പോഴാണ് തന്റെ ഭവനത്തിൽ താൻ എത്രയോ സൗഭാഗ്യവാനായിരുന്നുവെന്ന് അദ്ദേഹം ഓർമ്മിച്ചത്. അതുപോലെ, തന്റെ ഭവനത്തിൽ കണ്ടെത്താമായിരുന്ന മനഃശാന്തി തേടി സിദ്ധനെക്കാണാൻ പുറപ്പെട്ടതിലുള്ള ബുദ്ധിശൂന്യതയും അദ്ദേഹം മനസ്സിലാക്കി. *ശേഷം പേജ് 6*







നങ്കൂരമിട്ടിരുന്ന ഒരു കപ്പലിൽ ഒരിക്കലൊരു കടലാമ കയറിപ്പറ്റി. വൈകാതെ കപ്പൽ പുറപ്പെട്ടു. എന്നാൽ, നടുക്കടലിലെത്തിയപ്പോൾ വൻകാറ്റും മഴയും വന്ന് കപ്പൽ തകർന്നു. കടലിൽ ഒറ്റപ്പെട്ടുപോയ ആമ ദിക്കറിയാതെ എങ്ങോട്ടോ നീന്തി.

കുറേദൂരം നീന്തിയപ്പോൾ അങ്ങു ദൂരെ ഒരു ദ്വീപ് കണ്ടു. ആമ അവിടം ലക്ഷ്യമാക്കി നീന്തി. ദ്വീപിൽ ചെന്നപ്പോഴാണറിയുന്നത്, അവിടെ തിന്നാനൊന്നുമില്ലെന്ന്. ആമ ചുറ്റും നോക്കി. മുന്നിൽ ചെങ്കുത്തായ ഒരു വലിയ പാറക്കെട്ടാണുള്ളത്. പാറക്കെട്ടിനപ്പുറത്തെത്തിയാൽ വല്ലതും തിന്നാൻകിട്ടുമെന്നു കരുതി ആമ മുകളിലേക്കു വലിഞ്ഞു കയറി. പകുതി ദൂരമെത്തിയപ്പോൾ കൊടുതണുപ്പനുഭവപ്പെടാൻ തുടങ്ങി, പിന്നാലെ മഞ്ഞുവീഴ്ചയും. മുകളിലെത്തിയപ്പോഴോ അവിടെ നിറയെ മഞ്ഞുമൂടി കിടക്കുന്നു. നടക്കാൻ വലിയ ബുദ്ധിമുട്ടാണ്. എങ്കിലും മഞ്ഞിലൂടെ ആമ ഇഴഞ്ഞിഴഞ്ഞ് മലയുടെ അപ്പുറത്തേക്കുനീങ്ങി.

അപ്പോഴതാ ഒരു ഭയങ്കര ശബ്ദം. ആമ മുന്നോട്ടുനോക്കി. ഒരു ഭയങ്കരൻ ഭൂതം വായും തുറന്ന് അങ്ങുദൂരെ നിൽക്കുന്നു! ഭൂതം അലറുന്ന ശബ്ദമാണ് ആമ കേട്ടത്. തന്റെ അന്ത്യമടുത്തെന്ന് ആമയ്ക്കുതോന്നി. പേടിയോടെ ആമ തന്റെ തല ഉള്ളിലേക്കു വലിച്ച് കിടക്കാൻ തീരുമാനിച്ചെങ്കിലും ധൈര്യം സംഭരിച്ച് അത് വേണ്ടെന്നുവെച്ചു. അവൻ ചുറ്റും നോക്കി. കൊടുതണുപ്പിനെ അതിജീവിക്കാനാകാതെ കുറേ ജീവികൾ ചത്തു കിടക്കുന്നു. അധികനേരം ഇവിടെ നിന്നാൽ താനും മരവിച്ച് ചത്തുപോകുമെന്ന് അവനു മനസ്സിലായി. അതിനാൽ അവിടെനിന്ന് എത്രയുംവേഗം രക്ഷപ്പെടാൻ ആമ തീരുമാനിച്ചു. പക്ഷേ, പോകുന്നവഴിയ്ക്ക് വായുംതുറന്നലറുന്ന ആ രാക്ഷസന്റെ കാര്യമോർത്തപ്പോൾ ആമയ്ക്ക് ഉള്ളിൽ പേടിതോന്നി. എങ്കിലും അതൊന്നും വകവയ്ക്കാതെ ആമ മുന്നോട്ടുനടന്നു. രാക്ഷസന്റെയടുത്തേക്കെത്തുംതോറും അതിന്റെ രൂപം മാറുന്നതായി ആമയ്ക്കുതോന്നി. അവൻ പിന്നെയും മുന്നോട്ടു നടന്നു. രാക്ഷസരൂപത്തിന്റെ അടുത്തെത്തിയതും അവൻ മേലേക്കു നോക്കി. അപ്പോഴാണറിയുന്നത് അത് രാക്ഷസനല്ല, ഉയരമുള്ള രണ്ട് കൂറ്റൻ പാറകൾ നിൽക്കുന്നതാണെന്ന്! രണ്ടു പാറകൾക്കിടയിലൂടെ കാറ്റ് ശക്തിയായി വീശുമ്പോഴുണ്ടാകുന്ന ശബ്ദമാണ് രാക്ഷസന്റെ അലർച്ചയായി കേട്ടത്!

ആമയ്ക്ക് തന്റെ പകുതി ജീവൻ തിരിച്ചുകിട്ടയതുപോലെയായി. അവൻ പാറയുടെ മറുഭാഗം നോക്കി പിന്നെയും നടന്നു. ഒടുവിലവൻ പാറയുടെ മറുഭാഗത്തെത്തി. അപ്പോഴതാ അവിടെ അതിമനോഹരമായൊരു താഴ്വര. അവിടെ അവന് കഴിക്കാനായി ഇഷ്ടംപോലെ ഭക്ഷണവും.

കടലിൽനിന്ന് നീന്തിക്കയറിവന്ന ആമ ഈ പ്രതിബന്ധങ്ങളെല്ലാം കണ്ട് പേടിച്ചിരുന്നെങ്കിൽ എന്തുപറ്റുമായിരുന്നു? മറ്റു ജീവികളെപ്പോലെ തണുപ്പിൽ മരവിച്ചുപോവുകയോ രാക്ഷസനെക്കണ്ടു പേടിച്ച് ചത്തുപോവുകയോ ചെയ്തേനെ.

ജീവിതത്തിൽ വിജയിക്കണമെങ്കിൽ മുന്നിലുള്ള പ്രതിബന്ധങ്ങളെ സധൈര്യം അതിജീവിക്കണമെന്നാണ് ഈ കഥ പഠിപ്പിക്കുന്നത്.



## ആളറിയാൻ തല നോക്കാം!

തലയിലെ കൊച്ചുമുഴകളും വീർപ്പുമൊക്കെ നോക്കി ഓരോരുത്തരുടെയും സ്വഭാവവും വ്യക്തിത്വവുമെല്ലാം മനസ്സിലാക്കാം! പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രാൻസ് ജോസഫ് ഗാൾ എന്ന ജർമ്മൻ ഡോക്ടറാണ് ഈ 'സിദ്ധാന്തം' അവതരിപ്പിച്ചത്. ഈ ശാസ്ത്രശാഖയ്ക്ക് ഒരു പേരുമുണ്ട്–ഫ്രെനോളജി. 'ഫ്രെനോ' എന്ന ഗ്രീക്ക് വാക്കിന് മനസ്സ് എന്നാണർത്ഥം. അതായത്,'മനസ്സിന്റെ ശാസ്ത്രം' ആണ് ഫ്രെനോളജി. ഗാളിന്റെ കണ്ടുപിടിത്തം ശാസ്ത്രീയമല്ലെന്ന് പിൽക്കാലത്ത് കണ്ടെത്തി. എങ്കിലും 'ന്യൂറോസൈക്കോളജി' എന്ന വൈദ്യശാസ്ത്രശാഖയുടെ വളർച്ചയിലേക്കുള്ള ഒരു ചവിട്ടുപടിയായി ഇതിനെ കണക്കാക്കാറുണ്ട്.



**nervous** (പെട്ടെന്ന് ക്ഷോഭിക്കുന്ന) - someone who is easily startled by things.
**polite** (മര്യാദയോടെ പെരുമാറുന്ന) – someone who has good manners.
**popular** (ജനസമ്മതിയുള്ള) - somebody who is liked by many people
**rude** (പരുക്കൻ) – bad mannered, impolite
**shy** (ലജ്ജാശീലമുള്ള) – quiet and a little bit nervous around other people
**stupid** (അവിവേകി) – someone who not clever.
**vain** (പൊങ്ങച്ചമുള്ള) – someone who is a bit too fond of their looks.
**generous** (മഹാമനസ്കതയുള്ള) – someone who shares their time or things with others
**honest** (സത്യസന്ധനായ) – someone who is truthful and who doesn't cheat or steal
**kind** (ദയാലുവായ) – someone who beahaves in a caring way towards other people
**moody** (ചിന്താമൂകനായ) – adjective used to describe someone who behaves differently every time you meet them
**quiet** (സൗമ്യനായ) – used to describe someone who does't talk very much
**selfish** (സ്വാർത്ഥനായ) – used to describe someone who only thinks about themselves
**serious** (ഗൗരവമുള്ള) – someone who is always very sensible (the opposite of silly)
**silly** (ബാലിശമായ) – someone who is a bit foolish, or who doens't behave in a serious way
**wise** (ജ്ഞാനമുള്ള) – someone with a lot of commonsense and knowledge

**ഇവയിലെ negative adjective ആരെയും വേദനിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാതിരിക്കാൻ കൂട്ടുകാർ ശ്രദ്ധിക്കുമല്ലോ...**




പലപ്പോഴും നാവികർക്ക് കടലിൽ വഴിതെറ്റാറുണ്ട്. നാവികന്റെ ദുരവസ്ഥ കണ്ട്, കടലിന്റെ അടിത്തട്ടിലുള്ള മത്സ്യകന്യക കണ്ണുനീർ പൊഴിക്കുകയും ചെയ്യും. ആ കണ്ണുനീർത്തുള്ളികൾ പല നിറത്തിൽ ഭംഗിയുള്ള കല്ലുകളായി തീരത്തുവന്നടിയും. അങ്ങനെയാണത്രേ കാലിഫോർണിയയിലെ 'ഗ്ലാസ് ബീച്ച്' ഉണ്ടായത്. ഈ പറഞ്ഞത് ആ നാട്ടിലെ ഒരു കെട്ടുകഥ മാത്രമാണ്. എന്നാൽ കടൽത്തീരം മുഴുവൻ പല നിറത്തിലുള്ള കല്ലുകൾ, തിളങ്ങുന്ന ഗ്ലാസ് ബീച്ച് ശരിക്കുമുള്ളതാണ്.

അമേരിക്കയിലെ കാലിഫോർണിയയിലുള്ള ഫോർട്ട് ബ്രാഗ് എന്ന സ്ഥലത്താണ് ഗ്ലാസ് ബീച്ച് ഉള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ഈ പ്രദേശത്തെ ആളുകൾ മാലിന്യം നിക്ഷേപിച്ചിരുന്നത് ഈ ബീച്ചിൽ ആയിരുന്നു. മാലിന്യം കുമിഞ്ഞുകൂടിയതോടെ 1967-ൽ ശുചീകരണത്തിനായി ഈ ബീച്ച് അടച്ചു. ശുചീകരണം നിരവധി വർഷങ്ങൾ നീണ്ടു. കുറെയേറെ മാലിന്യങ്ങൾ നീക്കം ചെയ്തു.

എന്നാൽ കുപ്പികളുടെയും മറ്റ് ചില്ലുകളുടെയും അവശിഷ്ടം ബിച്ചിൽതന്നെ കിടന്നു. തിരമാലകളുടെ ശക്തിയാൽ ആ ചില്ലുകൾ ചെറുകഷണങ്ങളായി ഉടഞ്ഞു. വർഷങ്ങളോളം പാറക്കല്ലുകളിലും തിരമാലകളിലും തട്ടി അവ മിനുസവും ഭംഗിയുമുള്ള കുഞ്ഞുകല്ലുകളായി തീരത്തടിഞ്ഞു. അങ്ങനെയാണ് ഫോർട്ട് ബ്രാഗ് ബീച്ച്, ഗ്ലാസ് ബീച്ച് എന്നറിയപ്പെടാൻ തുടങ്ങിയത്. 1998-ലാണ് ബീച്ച് പൊതുജനത്തിന് തുറന്നുകൊടുക്കാൻ തീരുമാനിച്ചത്. എന്നാൽ ബീച്ചിലെ സ്ഫടികങ്ങൾ ശേഖരിക്കാനോ കടത്തിക്കൊണ്ടുപോകാനോ അനുവാദമില്ല.

## അടുത്തു നിൽക്കല്ലേ!




പകർച്ചവ്യാധികൾ വരാതിരിക്കാനുള്ള മാർഗ്ഗങ്ങളിലൊന്നാണ് സാമൂഹ്യ അകലം പാലിക്കൽ. അടുത്തിടെ അഡിഡാസ് കമ്പനി പുറത്തിറക്കിയ ഫാഷൻ ഷൂ ഇതിനു പറ്റുമെന്നാണ് ഷൂ ആരാധകർ പറയുന്നത്. ഒരു മീറ്റർ നീളമുള്ള ഈ ഷൂ ധരിച്ചാൽ പരസ്പരം തൊടാതെ നിന്നല്ലേ പറ്റൂ!



## പൊട്ടിക്കാനാവാത്ത ദേഷ്യം!

ചില സാധനങ്ങൾ പൊതിഞ്ഞുവരുന്ന പായ്ക്കറ്റ് പൊട്ടിക്കാൻ വലിയ പ്രയാസമായിരിക്കും. പൊട്ടിക്കാൻ ശ്രമിക്കുന്നയാൾക്ക് ദേഷ്യം വരും. ഈ ദേഷ്യത്തിന് ഒരു പേരുണ്ട് റാപ്പ് റേജ് (Wrap rage).



# പൂർണ്ണതയിലേക്കുള്ള വളർച്ച






ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

സഭയെ സംബന്ധിച്ച മർമ്മം വെളിപ്പെടുത്തുന്ന ലേഖനമാണ് എഫെസ്യലേഖനം എന്നു വളരെപ്പേരും കരുതുന്നുണ്ടെങ്കിലും, ആ ലേഖനം ചുരുൾ നിവർത്തുന്ന സത്യം ചുരുക്കം പേർ മാത്രമേ ദർശിച്ചിട്ടുള്ളൂ. സഭയുടെ പണി, ക്രിസ്തു നമ്മുടെ ജീവനാകുന്നതിൽകൂടെ മാത്രമേ സാധിക്കുകയുള്ളൂ. നാം അന്തരംഗത്തിൽ ക്രിസ്തുവിന്റെ ജീവനാൽ ശക്തിയാർജ്ജിക്കുമ്പോൾ മാത്രമേ, സഭയുടെ യാഥാർത്ഥ്യത്തിലേക്കു നമുക്കു പ്രവേശിപ്പാൻ കഴിയൂ.

എഫെസ്യ ലേഖനം 3-ാം അദ്ധ്യായം 14-ാം വാക്യം ആരംഭിക്കുന്നത്, 'അതു നിമിത്തം' എന്നു പറഞ്ഞുതുടങ്ങിക്കൊണ്ടാണ്. ഏതു നിമിത്തം എന്ന് അറിയേണമെങ്കിൽ, ഈ വാക്യത്തിനു മുമ്പുവരെ പറഞ്ഞുവന്നതുശ്രദ്ധിക്കണം. ദൈവത്തിന്റെ അനാദികാല നിർണ്ണയത്തിൽ, ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും, ഏകശരീരസ്ഥരും, വാഗ്ദത്തത്തിൽ പങ്കാളികളും ആകണമെന്നും (3:6), ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സഭമുഖാന്തരം വെളിപ്പെട്ടുവരേണമെന്നുമുള്ളതാണ് (3:10). ഇതു നിമിത്തമാണ്, 'ഞാൻ സ്വർഗ്ഗത്തിലും, ഭൂമിയിലും സകല കുടുംബത്തിനും പേർവരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു' എന്നും അവൻ തന്റെ മഹത്വത്തിന് ഒത്തവണ്ണം അവന്റെ ആത്മാവിനാൽ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിന് എന്നും പൗലോസ് പ്രാർത്ഥിക്കുന്നത്. വിശുദ്ധന്മാർ അകത്തെ മനുഷ്യനിൽ ബലം പ്രാപിച്ച് ദൈവത്തിന്റെ നിർണ്ണയ പൂർത്തിയിലേക്കു വരേണ്ടതിനായിട്ടാണ് പൗലൊസ് ദൈവസന്നിധിയിൽ മുട്ടുകുത്തുന്നത്. അകത്തെ മനുഷ്യൻ, എന്നു പറയുമ്പോൾ, വീണ്ടെടുക്കപ്പെട്ട് ക്രിസ്തുവിന്റെ നിവാസമായി മാറുന്ന മനുഷ്യാത്മാവിനെയാണ് അർത്ഥമാക്കുന്നത്.



ദൈവം മനുഷ്യനെ ദേഹം (body), ദേഹി (soul), ആത്മാവ് (spirit) എന്ന മൂന്നു ഭാഗങ്ങളോടെയാണു സൃഷ്ടിച്ചത്. ഇതിൽ ഏതാണ് ഏറ്റവും പ്രബലപ്പെട്ടത് എന്നു ചോദിച്ചാൽ 'ദേഹി'യാണു എന്നു സത്യസന്ധമായിത്തന്നെ നമുക്കു പറയുവാൻ കഴിയും. ഒരുവന്റെ വ്യക്തിത്വം മുഴുവൻ പ്രതിഫലിക്കുന്നത് അവന്റെ ദേഹിയിലൂടെയാണ്. ഈ ദേഹി മൂന്നു ഭാഗങ്ങൾ ഉൾപ്പെട്ടതാണ് - മനസ്സ്, വികാരങ്ങൾ, ഇച്ഛ. നമ്മുടെ മനസ്സു വളരെ പ്രബലപ്പെട്ടതും, ആത്മാവ് വളരെ ദുർബലവുമാണ്. ഇതു തെളിയിക്കുക വളരെ എളുപ്പമാണ്. നാം ജഢീകോല്ലാസത്തിനായി സമയം വേർതിരിക്കുന്നുവെന്നു കരുതുക. ഉത്സാഹത്തോടെ എല്ലാവരും അതിൽ പങ്കുചേരുന്നതു നമുക്കു കാണാം. മറിച്ച്, 'നമുക്കു പ്രാർത്ഥിക്കാം' എന്ന് ആരെങ്കിലും പറഞ്ഞാൽ, എല്ലാവരും പെട്ടെന്നു നിശബ്ദരാകുന്നതായും കാണാം. ഈ നിശബ്ദത വെളിപ്പെടുത്തുന്നത് നമ്മുടെ ആത്മാവിന്റെ ശക്തിഹീനതയാണ്.

അമിതമായി പ്രബലപ്പെട്ടിരിക്കുന്ന മനസ്സും, ബലഹീനമായിരിക്കുന്ന ആത്മാവും -ഇതാണ് നമ്മുടെ യഥാർത്ഥമായ അവസ്ഥ. ആത്മാവ് ക്രിസ്തുവിന്റെ ജീവനാൽ ശക്തിപ്രാപിക്കുന്നതിനനുസൃതമായി, നമ്മുടെ ഹൃദയം ക്രിസ്തുവിന്റെ ആലയമായി ത്തീർന്നുകൊണ്ടിരിക്കും. മനഃസാക്ഷി നിർജ്ജീവമായിരിക്കുന്നതുകൊണ്ടും, മനസ്സ് പ്രപഞ്ചമോഹങ്ങളിൽ കുടുങ്ങിയിരിക്കുന്നതു മൂലവും, അനേകരുടെ ഉള്ളിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം ശക്തിയോടെ അനുഭവപ്പെടുന്നില്ല. പാപങ്ങളെ ഏറ്റുപറഞ്ഞു പൂർണ്ണഹൃദയത്തോടെ നാം ദൈവത്തെ അന്വേഷിക്കുമെങ്കിൽ, മാനസാന്തരപ്പെട്ടു പൂർണ്ണശക്തിയോടെ മനസ്സ് അവങ്കലേക്കു തിരിക്കുമെങ്കിൽ, പൂർണ്ണമനസ്സോടെ നാം അവനെ സ്നേഹിക്കുമെങ്കിൽ, നമ്മുടെ ഉള്ളിൽ അവനുമാത്രം ഒരുക്കപ്പെട്ട ആ ഇടത്തിൽ അവൻ മഹിമയോടെ എഴുന്നള്ളി വസിക്കും. ആത്മാവ് ക്രിസ്തുവിന്റെ നിറവിനാൽ ശക്തിപ്പെട്ടുവരും. അവന്റെ ചൈതന്യം പേറുന്ന ആലയങ്ങളായി നാം രൂപാന്തരപ്പെടും.

പൗലൊസ് തുടർന്നു പ്രാർത്ഥിക്കുന്നതിപ്രകാരമാണ്: 'ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനു വരം നൽകേണം എന്നും, നിങ്ങൾ സ്നേഹത്തിൽ വേരൂന്നി, അടിസ്ഥാനപ്പെട്ടവരായി, വീതിയും, നീളവും, ഉയരവും, ആഴവും എന്ത്' എന്നു സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും, പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാൻ പ്രാപ്തരാകുകയും, ദൈവത്തിന്റെ എല്ലാ നിറവോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.' വേരൂന്നുക, അടിസ്ഥാനപ്പെടുക എന്നുള്ള പ്രയോഗങ്ങൾ എത്ര അർത്ഥപൂർണ്ണമായാണ് അപ്പൊല്തലൻ പ്രയോഗിച്ചിരിക്കുന്നത് എന്നു ശ്രദ്ധിക്കുക. വേരൂന്നി നാം ക്രിസ്തുവിന്റെ ജീവനിലേക്കു വളരുന്നു. സ്നേഹത്തിൽ അടിസ്ഥാനപ്പെട്ട് ക്രിസ്തുവിന്റെ ശരീരത്തിലേക്കു പണിയപ്പെടുന്നു. 'സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെടുമ്പോൾ മാത്രമേ, സകല വിശുദ്ധന്മാരോടും കൂടെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വ്യാപ്തി-വീതിയും നീളവും ഉയരവും ആഴവും ഗ്രഹിപ്പാൻ നമുക്കു സാധിക്കുകയുള്ളൂ. തൽഫലമായി നാം സകല വിശുദ്ധന്മാരോടൊപ്പം ഏകശരീരമായി പണിയപ്പെടും. അകത്തെ മനുഷ്യൻ ക്രിസ്തുവിന്റെ ജീവനാൽ ശക്തിപ്പെടുകയും വിശുദ്ധന്മാരോടൊത്ത് ഏകശരീരമായി നാം പണിയപ്പെടുകയും ചെയ്യുന്നതിലൂടെയാണ് നാം യഥാർത്ഥ ആത്മീയ ധനത്തിന്റെ ഓഹരിക്കാരായി തീരുന്നത്.

യേശുതന്നെ തിരഞ്ഞെടുത്ത അപ്പൊസ്തലന്മാരിലൂടെയും, പ്രവാചകന്മാരിലൂടെയും, സുവിശേഷകരിലൂടെയും, ഉപദേഷ്ടാക്കന്മാരിലൂടെയും ക്രിസ്തു തന്റെ സഭയെ പണിയുന്നു. വിശുദ്ധന്മാർ ദൈവികസേവയ്ക്ക് ഒരുക്കപ്പെടേണ്ടതിനും, ക്രിസ്തുവിന്റെ ശരീരത്തിൽ ഓരോരുത്തരും യുക്തമായി ചേർന്നു പണിയപ്പെടേണ്ടതിനും, ഇങ്ങനെ എല്ലാവരും ക്രിസ്തുവിന്റെ സമ്പൂർണ്ണതയുടെ അളവു പ്രാപിക്കുവോളവും, ഈ ശുശ്രൂഷകന്മാർ തുടർമാനമായി തങ്ങളുടെ ശുശ്രൂഷ നിവർത്തിച്ചുകൊണ്ടിരിക്കുന്നു (4:13) ശരീരത്തിന്റെ ഓരോ അംഗവും, അകത്തെ മനുഷ്യനിൽ ബലപ്പെട്ടുവരുമ്പോൾ, ക്രിസ്തുവിന്റെ ശരീരത്തിന്റെ വളർച്ചയ്ക്ക് ഹേതുവായിത്തീരുന്നു. അങ്ങനെ ഓരോ അംഗവും ക്രിസ്തുവിൽ നിന്നും പ്രാപിക്കുന്ന അളവു പങ്കിടുമ്പോൾ, ശരീരം യുക്തമായി ഏകീഭവിച്ച് ആത്മീയ വർദ്ധനവിലേക്കും, ക്രിസ്തുവിന്റെ പൂർണ്ണതയിലേക്കും വളർന്നുവരുന്നു.

---

# ടീൻ ചലഞ്ച്




1959 ഫെബ്രുവരിയിലെ ഒരു സായംസന്ധ്യ. പ്രസംഗകനായ ഡേവിഡ് വിൽക്കർസൺ 'ലൈഫ്' എന്ന സചിത്രമാസികയുടെ പേജുകൾ മറിച്ചുനോക്കുകയായിരുന്നു. പെട്ടെന്ന് അതിലെ ഒരു ഡ്രോയിംഗ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു.

ന്യൂയോർക്കിലെ ഒരു കോടതിരംഗമായിരുന്നു ആ ഡ്രോയിംഗ്. ഒരു പതിനഞ്ചുകാരനെ മൃഗീയമായി കൊലപ്പെടുത്തിയ കുറ്റത്തിനു കോടതിയിൽ ഹാജരാക്കപ്പെട്ട കൗമാരപ്രായക്കാരുടെ ചിത്രമായിരുന്നു അത്.

പോളിയോ ബാധിതനായിരുന്ന മൈക്കിൾ ഫാർമർ എന്ന പയ്യനെയായിരുന്നു 'ദ ഡ്രാഗൺസ്' എന്ന സംഘത്തിലെ അംഗങ്ങൾ അടിച്ചുകൊന്നത്. ഡ്രോയിംഗിനോടൊപ്പം ആ സംഭവത്തിന്റെ വിവരണവും മാസികയിലുണ്ടായിരുന്നു.

പെൻസിൽവേനിയ എന്ന സംസ്ഥാനത്തെ ഒരു ചെറിയ ഗ്രാമത്തിൽ പാസ്റ്ററായിരുന്നു വിൽക്കർസൺ അപ്പോൾ. 'ലൈഫ്' മാസികയിലെ ലേഖനം വായിച്ച അവസരത്തിൽ അദ്ദേഹത്തിന് ഒരു ഉൾവിളിയുണ്ടായി. ന്യൂയോർക്കിലേക്കു പോവുക. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി അവിടെ അലഞ്ഞുതിരിയുന്ന ബാലികാബാലന്മാരെയും യുവതീയുവാക്കളെയും നേർവഴിയിലേക്കു കൊണ്ടുവരിക.

ന്യൂയോർക്ക് നഗരം സന്ദർശിക്കുവാൻ അവസരം കിട്ടിയിട്ടില്ലാത്ത ആളായിരുന്നു വിൽക്കർസൺ. ആ നഗരത്തെക്കുറിച്ചു ഭീതി വിതയ്ക്കുന്ന ചിന്തകൾ മാത്രമായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ. എങ്കിലും അവിടേക്കു പോയേമതിയാകൂ എന്ന് അദ്ദേഹത്തിന്റെ മനസ്സ് മന്ത്രിച്ചു. അധികം താമസിയാതെ അദ്ദേഹം ന്യൂയോർക്കിലെത്തി. അവിടെ അലഞ്ഞു നടന്നിരുന്ന കുമാരികുമാരന്മാരുടെ ദൃശ്യം അദ്ദേഹത്തെ വേദനിപ്പിച്ചു. അവരെ സഹായിക്കുവാൻ വേണ്ടി ടീൻ ചലഞ്ച് എന്ന പേരിൽ ഒരു സേവനവേദിക്ക് അദ്ദേഹം രൂപം നൽകി. 1959-ൽ ആരംഭിച്ച ടീൻ ചലഞ്ചിന് ഇപ്പോൾ ലോകമൊട്ടാകെയായി 414 സേവനകേന്ദ്രങ്ങളാണുള്ളത്.

വിൽക്കർസൺ ന്യൂയോർക്ക് നഗരത്തിലെ 'വഴിപിഴച്ച' കുട്ടികൾക്കുവേണ്ടി ചെയ്ത സേവനത്തിന്റെ കഥ 'ദ ക്രോസ് ആൻഡ് ദ സ്വിച്ച് ബ്ലേഡ്' എന്ന ഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. 1963-ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ ഒന്നരക്കോടി പ്രതികൾ മുപ്പതു ഭാഷകളിലായി ഇതിനകം വിറ്റഴിഞ്ഞിട്ടുണ്ട്. ഈ പുസ്തകത്തിന്റെ അതേ പേരിൽത്തന്നെ 1969-ൽ ഒരു ഹോളിവുഡ് ചലച്ചിത്രവും പുറത്തിറങ്ങി. പാറ്റ് ബൂൺ എന്ന നടൻ വിൽക്കർസന്റെ റോളിൽ പ്രത്യക്ഷപ്പെടുന്ന ഈ സിനിമ സാമ്പത്തികമായി വൻ വിജയമായിരുന്നു. നൂറ്റമ്പതു രാജ്യങ്ങളിലായി അഞ്ചുകോടിയോളം ആളുകൾ ഈ സിനിമ കണ്ടതായി കണക്കാക്കപ്പെടുന്നു.



വിൽക്കർസന്റെ യഥാർത്ഥ കഥ പറയുന്ന 'ദ ക്രോസ് ആൻഡ് ദ സ്വിച്ച് ബ്ലേഡ്' എന്ന ഗ്രന്ഥത്തിൽ തനിക്കുണ്ടായ ഒരനുഭവം അദ്ദേഹം വിവരിക്കുന്നുണ്ട്. ഒരിക്കൽ ന്യൂയോർക്ക് നഗരത്തിൽ, വിൽക്കർസനെ വധിക്കുമെന്നു ഭീഷണിപ്പെടുത്തിക്കൊണ്ട് ഒരാൾ അദ്ദേഹത്തിനുനേരെ കഠാര ഉയർത്തി. അപ്പോൾ വിൽക്കർസൺ പ്രതികരിച്ചതെങ്ങനെയാണെന്നോ? അദ്ദേഹം അയാളോടു പറഞ്ഞു: ആയിരം കഷണങ്ങളായി നിങ്ങൾക്കെന്നെ വെട്ടിമുറിക്കാം. എന്നാൽ അപ്പോഴും ആ ആയിരം കഷണങ്ങളും നിങ്ങളെ സ്നേഹിക്കും.


ഇതാണ് സ്നേഹം. യഥാർത്ഥ സ്നേഹം. തന്നെ കൊലപ്പെടുത്തുമെന്നു ഭീഷണിപ്പെടുത്തുന്ന കശ്മലനോടും വിൽക്കർസനു വിദ്വേഷമില്ല. നേരേമറിച്ച്, സ്നേഹം മാത്രം. ആ സ്നേഹത്തിന്റെ തികവിൽ നിന്നാണ് അദ്ദേഹം സംസാരിച്ചത്. സ്നേഹിക്കുന്ന വ്യക്തികളാണു നമ്മൾ. എന്നാൽ, നമ്മുടെ സ്നേഹത്തിന് ആഴമുണ്ടോ? പലപ്പോഴും ഉപാധിവച്ചല്ലേ നാം സ്നേഹിക്കുന്നത്. മറ്റുള്ളവർ തിരികെ സ്നേഹിച്ചാൽ മാത്രം അവരോടു സ്നേഹവും പരിഗണനയും കാണിക്കാമെന്നല്ലേ നമ്മുടെ നിലപാട്.

നമ്മെ വെറുക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുന്നവരോടുള്ള നമ്മുടെ നിലപാട് എന്താണ്? അവരെ അല്പമെങ്കിലും സ്നേഹിക്കുവാൻ നമുക്കു സാധിക്കുമോ? അവരെയും സ്നേഹിക്കുന്നുണ്ട് എന്നു നാം പറയുമായിരിക്കും. എന്നാൽ, നമ്മുടെ ഹൃദയത്തിൽ അവർക്ക് യഥാർത്ഥത്തിൽ സ്ഥാനമുണ്ടോ എന്നന്വേഷിക്കുന്നതു നല്ലതാണ്. നമ്മുടെ ബന്ധുക്കളിലും സ്നേഹിതരിലുംപെട്ട പലരെയും നാം പലപ്പോഴും നമ്മുടെ ഹൃദയത്തിൽനിന്നു പുറംതള്ളാറില്ലേ? അങ്ങനെ ചെയ്യുന്നതിനു പലപ്പോഴും അത്ര വലിയ കാരണങ്ങളൊന്നുമില്ലെന്നതല്ലേ സത്യം? നമ്മുടെ ഇഷ്ടാനിഷ്ടങ്ങളാണ് പലരെയും നമ്മുടെ ഹൃദയത്തിൽ നിന്നു പുറംതള്ളുവാൻ ഇടയാക്കുന്നത്. എന്നാൽ, 6

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# അതുല്യനായ യേശു





യാഥാർത്ഥ്യബോധവും പ്രായോഗികതയുമാണ് പ്രഥമമായി നമുക്ക് യേശുവിൽ കാണുവാൻ കഴിയുന്നത്. ഊഹാപോഹങ്ങളും തോന്നലുകളും അരങ്ങുവാണിരുന്ന ഒരു കാലഘട്ടത്തിൽ പ്രായോഗികയാഥാർത്ഥ്യത്തിന്റെ പുതുക്കവുമായാണ് അവിടുന്നു വന്നത്. അവിടുന്നു വ്യക്തമായി പഠിപ്പിച്ചു. ഊഹാപോഹമൊന്നും നടത്തിയില്ല. 'ഒരുപക്ഷേ', 'ചിലപ്പോൾ', 'ഞാൻ വിചാരിക്കുന്നത്' എന്നിങ്ങനെയുള്ള പദങ്ങളൊന്നും യേശു ഉപയോഗിച്ചില്ല. അവിടുത്തെ വാക്കുകൾ വളരെ വ്യക്തമായിരുന്നു. അത് ആളുകളുടെ മനസ്സിൽ അധികാരത്തോടും കൃത്യതയോടുമായിരുന്നു ചെന്നുപതിച്ചത്.

എന്തുകൊണ്ടാണ് ഈ ലോകത്തിൽ പ്രലോഭനങ്ങളും പരീക്ഷകളും ഉള്ളത് എന്നതിനെപ്പററി അഭ്യൂഹമൊന്നും നടത്താൻ യേശു മുതിർന്നില്ല. പകരം അവിടുന്ന് അതിനെ നേരിട്ടു മരുഭൂമിയിൽ നാല്പതു ദിവസം പ്രലോഭനങ്ങളോട് പോരാടിയശേഷം അവിടുന്ന് വിജയിയായി 'ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്കു മടങ്ങിവന്നു'.

ഒരുവന്റെ വെളിച്ചം സമൂഹത്തിൽ പ്രകാശിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യേശു സംഭാഷിക്കുക മാത്രമല്ല തന്റെ പ്രവർത്തികളിലൂടെ അത് വെളിപ്പെടുത്തുകയും ചെയ്തു. അത് കണ്ടവരും കേട്ടവരും അവിടുത്തെ ലാവണ്യവാക്കുകളെക്കുറിച്ചും അവിടുത്തെ പ്രവർത്തികളെക്കുറിച്ചും ആശ്ചര്യപ്പെട്ടു എന്നു നാം കാണുന്നു.

യേശു മനുഷ്യരുടെ ഇടയിൽ വന്നപ്പോൾ ദൈവത്തിന്റെ അസ്തിത്വത്തെ തെളിയിക്കാൻ അവിടുന്നു മെനക്കെട്ടില്ല. പകരം അവിടുന്നു ദൈവത്തെ ഭൂമിയിലേക്കു കൊണ്ടുവന്നു. അവിടുന്നു ദൈവത്തിൽ വസിച്ചു. അതുകൊണ്ടുതന്നെ അവിടുത്തെ മുഖത്തേക്കു നോക്കിയവർക്ക് ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് അശേഷം സംശയം ഉണ്ടായില്ല.

സോക്രട്ടീസിനെപ്പോലെ ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് യേശു വാദപ്രതിവാദം നടത്തിയില്ല. പകരം അവിടുന്നു മരിച്ചവരെ ഉയിർപ്പിച്ചു.

കുഞ്ഞുങ്ങൾക്കു സമൂഹത്തിലുള്ള വിലയെക്കുറിച്ച് യേശു ഉപദേശം ഒന്നും നൽകിയില്ല. പകരം അവരുടെ തലമേൽ കൈവച്ച് അവരെ അനുഗ്രഹിച്ചു. അവരിൽ ഒരു ശിശുവിനെ അവരുടെ നടുവിൽ നിർത്തി ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതാണെന്നു പ്രഖ്യാപിച്ചു.

ദൈവം പ്രാർത്ഥന കേൾക്കും എന്ന് യേശു സിദ്ധാന്തിച്ചില്ല. പകരം അവിടുന്നു പ്രാർത്ഥിച്ചു. ചിലപ്പോൾ രാത്രി മുഴുവൻ. പ്രാർത്ഥനയിലൂടെ വെളിപ്പെടുന്ന ദൈവശക്തി എന്തെന്ന് ജനത്തിന് അവിടുന്ന് കാണിച്ചുകൊടുത്തു.



സൗഹൃദത്തിന്റെ മനോഹാരിതയെക്കുറിച്ചോ മാനുഷിക സഹതാപത്തിന്റെ ആവശ്യകതയെക്കുറിച്ചോ യേശു വാങ്മയചിത്രങ്ങളൊന്നും വരച്ചു കാട്ടിയില്ല. പകരം അവിടുന്നു കല്ലറയ്ക്കൽ കണ്ണുനീർ വാർത്തു.

സ്ത്രീത്വത്തിന്റെ മഹനീയതയെക്കുറിച്ചോ സ്ത്രീയ്ക്കു തുല്യപദവി നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചോ യേശു വാദിച്ചില്ല. പകരം അവിടുന്ന് അങ്ങേയറ്റം ബഹുമാനത്തോടെ അവരോട് ഇടപെട്ടു. തന്റെ ഉദാത്തമായ ഉപദേശങ്ങൾ അവർക്കു നൽകി; അവിടുന്നു മരണത്തിൽ നിന്നു ഉയിർത്തെഴുന്നേറ്റപ്പോൾ അവരിൽ ഒരാൾക്ക് ആദ്യം പ്രത്യക്ഷനായി.

താഴ്മയുടെ ആവശ്യകതയെപ്പറ്റി ഒരു ക്ലാസ്സുമുറിയിലെന്നപോലെ യേശു പഠിപ്പിച്ചില്ല. പകരം ഒരു തോർത്തെടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽകഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണി കൊണ്ട് തുടയ്ക്കുവാനും തുടങ്ങി. വ്യക്തികളുടെ തുല്യപദവിയെക്കുറിച്ച് നാം ഇന്നു ചെയ്യുന്നതുപോലെ യേശു ചർച്ചയൊന്നും നടത്തിയില്ല. പകരം അവിടുന്നു പാവപ്പെട്ടവരുടെയും പുറംതള്ളപ്പെട്ടവരുടെയും അടുക്കൽ പോയി അവരോടൊപ്പം ഭക്ഷണം കഴിച്ചു.

ഈ പ്രപഞ്ചത്തിലെ വേദനയും മനുഷ്യരാശിയുടെ കണ്ണുനീരും ദൈവസ്നേഹവുമായി താരതമ്യം ചെയ്തു യേശു എന്തെങ്കിലും തെളിയിക്കാൻ ശ്രമിച്ചില്ല. പകരം ദൈവസ്നേഹത്തിന് എതിരായി പറഞ്ഞതെല്ലാം അവിടുന്നു കാൽവറിയിൽ സ്വയം ഏറ്റെടുക്കുന്നു.

എങ്ങനെയാണ് ഏറ്റവും ദുർബലരായ മനുഷ്യരെ രൂപാന്തരപ്പെടുത്തി ലോകനന്മയ്ക്ക് ഉപയുക്തമാക്കുന്നത് എന്നതിനെപ്പറ്റി യേശു സംവാദം ഒന്നും നടത്തിയില്ല. പകരം അവിടുന്ന് ദുർബലരായ ഒരുപറ്റം മനുഷ്യരെ, ഗലീലക്കാരായ മുക്കുവരെ, വിളിച്ചു രൂപാന്തരപ്പെടുത്തി ലോകത്തിന്റെ ഉന്നമനത്തിനും വീണ്ടെടുപ്പിനുമായുള്ള ഏറ്റവും ശക്തമായ ദൗത്യം ഏല്പിച്ചു പറഞ്ഞയച്ചു.

യേശു പുസ്തകം ഒന്നും എഴുതിയില്ല. ഒരിക്കൽ മാത്രമാണ് അവിടുന്ന് എഴുതിയതായിപ്പറയുന്നത്; അതു മണലിലായിരുന്നു. പക്ഷേ അവിടുന്നു ആളുകളുടെ ഹൃദയത്തിലും മനസ്സാക്ഷിയിലും തന്നെക്കുറിച്ച് എഴുതി. അത് ലോകത്തിലെ ഏറ്റവും വിലപ്പെട്ട എഴുത്തായി മാറുകയും ചെയ്തു.

ഒരു അപ്രായോഗികമായ ആശയത്തെക്കുറിച്ചല്ല യേശു സംസാരിച്ചത്. പകരം ദൈവരാജ്യം നമ്മുടെ ഉള്ളിലാണെന്നും അത് സമീപത്തു വന്നെത്തിയെന്നും ഇവിടെ ഇപ്പോൾത്തന്നെ അതു മനസ്സിലാക്കുവാൻ കഴിയുമെന്നും അവിടുന്ന് പ്രഖ്യാപിച്ചു.

യോഹന്നാൻ കാരാഗൃഹത്തിൽനിന്നു ശിഷ്യന്മാരെ യേശുവിന്റെ അടുക്കലേക്കയച്ച് 'വരുവാനുള്ളവൻ നീയോ അതോ ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കേണമോ' എന്നു ചോദിച്ചു. യോഹന്നാന്റെ ശിഷ്യന്മാരുമായി യേശു അതു സംബന്ധിച്ച് ഒരു വാദപ്രതിവാദത്തിന് ഒരുമ്പെട്ടില്ല. പകരം അവിടുന്നു ശാന്തമായി, ലളിതമായി ഇങ്ങനെ പറഞ്ഞു: "കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു. ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നതു യോഹന്നാനെ ചെന്നറിയിപ്പിൻ". എല്ലാവർക്കും കാണാവുന്ന ഈ വസ്തുതകളായിരുന്നു അവിടുത്തേക്കുള്ള മറുപടി.

സ്നേഹത്തിന്റെ സൗന്ദര്യത്തെ യേശു വർണ്ണിച്ചില്ല. പകരം അവിടുന്നു സ്നേഹം എന്താണെന്ന് വെളിപ്പെടുത്തി.

അത്ഭുതങ്ങൾ ചെയ്യാൻ സാധിക്കുമെന്നു യേശു വാദിക്കുന്നതായി നാം കാണുന്നില്ല. പകരം അവിടുന്നു വെള്ളത്തിന്മീതേ നടന്നു. രോഗികളെ സൗഖ്യമാക്കി, മരിച്ചവരെ ഉയർപ്പിച്ചു.

ചുറ്റുപാടുമുള്ള ആളുകളുടെ ഭൗതികാവശ്യങ്ങളെക്കുറിച്ച് അവിടുന്നു ബോധവാനായിരുന്നു. പക്ഷേ അവരുടെ ഒരു വക്താവായി യേശു സംസാരിച്ചില്ല. പകരം അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചു.

രണ്ടു ദുരിതങ്ങളാൽ വേട്ടയാടപ്പെട്ട ഒരു മനുഷ്യനെ അവർ യേശുവിന്റെ അടുത്തുകൊണ്ടുവന്നു. അവൻ ശരീരത്തിൽ രോഗി ആയിരുന്നു. അതിനും ആഴത്തിൽ പാപംമൂലം അവന്റെ മനഃസാക്ഷിയും രോഗാതുരമായിരുന്നു. യേശു ആദ്യം ആഴത്തിലുള്ള പ്രശ്നത്തെ കൈകാര്യം ചെയ്തു. "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു". ആളുകൾ ഇതിനെതിരെ പ്രതിഷേധിച്ചപ്പോൾ അവിടുന്നു ചോദിച്ചു: "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു" എന്നു പറയുന്നതോ പക്ഷവാതക്കാരനോടു കിടക്ക എടുത്തു നടക്കുക എന്നു പറയുന്നതോ ഏതാണ് എളുപ്പം?". എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ട് എന്ന് അവർ അറിയേണ്ടതിനു അവിടുന്നു പക്ഷവാതക്കാരനോട് "എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക" എന്നു പറഞ്ഞു. പുറമേ കണ്ട ആ വ്യക്തമായ അത്ഭുതം ആന്തരികമായി സംഭവിച്ച ഒന്നിന്റെ ബഹിർപ്രകടനമായിരുന്നു.

'മനുഷ്യപുത്രൻ' എന്നു പറയുന്നതുപോലെ യേശുവിനെ 'വസ്തുതകളുടെ (യാഥാർത്ഥ്യത്തിന്റെ) പുത്രൻ' എന്നു വിളിക്കാം. അവിടുത്തെ വസ്തുനിഷ്ഠമായ വിലയിരുത്തലിന്റെ, യാഥാർത്ഥ്യബോധത്തിന്റെ വ്യക്തമായ ഉദാഹരണം മനുഷ്യപുത്രൻ സിംഹാസനത്തിലിരുന്നു ന്യായംവിധിക്കുന്ന രംഗത്തു കാണാൻ കഴിയും. വലതുവശത്തുള്ളവരോടു "നിങ്ങൾ എന്നിലും എന്റെ ഉപദേശത്തിലും വിശ്വസിച്ചു; അതുകൊണ്ടു വരിക, എന്റെ രാജ്യത്തിലേക്കു നിങ്ങൾക്കു സ്വാഗതം" എന്നല്ല അവിടുന്നു പറയുന്നത്. മറിച്ച് "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു. ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു. ഞാൻ അതിഥി ആയിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു. നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു. തടവിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു" എന്നാണ് അവിടുന്നു പറയുന്നത്. ഇതു കേട്ടവർ ചോദിച്ചു, "കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചുകണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊൾകയോ, നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കുകയോ ചെയ്തു? നിന്നെ രോഗിയായിട്ടോ, തടവിലോ എപ്പോൾ കണ്ടിട്ട് ഞങ്ങൾ നിന്റെ അടുക്കൽ വന്നു?". അപ്പോൾ കർത്താവിന്റെ മറുപടി ഇങ്ങനെയായിരുന്നു: "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു". യേശു സ്വയം യാഥാർത്ഥ്യബോധമുള്ള ഒരുവനായിരുന്നു. അവിടുന്നു വ്യക്തതയും കൃത്യതയമുള്ള ഒരു ജീവിതം തന്റെ ശിഷ്യന്മാരിൽ നിന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഒരു മനുഷ്യാത്മാവിന്റെ വില സർവ്വലോകത്തേക്കാളും വലുതാണെന്ന് അവിടുന്നു നമ്മോടു പറഞ്ഞു. അതുകൊണ്ടു ഭൂതബാധിതനായ ഒരുവനെ സൗഖ്യമാക്കുവാൻ കൊടുങ്കാറ്റിനാൽ ഇളകിമറിയുന്ന ഒരു തടാകം മറികടന്ന് യേശു അക്കരയ്ക്കു പോയി. മാത്രമല്ല, നഷ്ടപ്പെട്ട ഈ മനുഷ്യനെ രക്ഷിക്കുവാൻ രണ്ടായിരം പന്നികളെ നഷ്ടപ്പെടുത്തുവാനും അവിടുന്നു മടിച്ചില്ല.

പാപരഹിതനായി ജീവിക്കുവാനുള്ള ഒരു സാദ്ധ്യതയെക്കുറിച്ച് യേശു തർക്കത്തിനൊന്നും നിന്നില്ല. പകരം അവിടുന്നു തന്നെത്തന്നെ മറ്റുള്ളവരുടെ മുൻപാകെ വച്ചിട്ട് വെല്ലുവിളിച്ചു. "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധ്യം വരുത്തും?".

ഒരു ചെകിട്ടത്തടിച്ചാൽ മറ്റേതു കാണിച്ചുകൊടുക്കുക, ഒരു മൈൽ കൂടെ വരാൻ നിർബന്ധിച്ചാൽ രണ്ടുമൈൽ കൂടെപ്പോകുക, ഉടുപ്പ് എടുക്കുന്നവന് പുതപ്പുകൂടി വിട്ടുകൊടുക്കുക, ശത്രുക്കളെ സ്നേഹിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യുക' എന്നീ കാര്യങ്ങൾ അവിടുന്നു വെറുതെ പറയുകയല്ല ചെയ്തത്. യേശു സ്വയം അതു ചെയ്തു. ചേവകർ ഒരു ചെകിട്ടത്ത് അടിച്ചപ്പോൾ മറ്റേത് അവിടുന്ന് കാണിച്ചുകൊടുത്തു. പടയാളികൾ അവിടെയും അടിച്ചു. അവർ ഒരു മൈൽ ഗത്സമനെ മുതൽ വിചാരണസ്ഥലം വരെ കൂടെവരാൻ നിർബ്ബന്ധിച്ചപ്പോൾ അവരോടൊപ്പം അദ്ദേഹം രണ്ടു മൈൽ കാൽവറിവരെ പോയി. വിചാരണസ്ഥലത്തുവച്ച് അവർ തന്റെ വസ്ത്രം എടുത്തു. ക്രൂശിൽവച്ച് അവിടുന്നു തന്റെ അങ്കിയും അവർക്കു നൽകി. ക്രൂശിലെ ക്രൂരമായ വേദനയിൽ അവിടുന്നു ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ".

മരണം നമ്മെ ഭയപ്പെടുത്തേണ്ട ഒന്നല്ല എന്ന് അവിടുന്നു വെറുതെ പറയുക മാത്രമല്ല ചെയ്തത്-യേശു സ്വയം മരണത്തിൽ നിന്നു ഉയിർത്തെഴുന്നേറ്റു. കണ്ടാലും ഇപ്പോൾ കല്ലറ പ്രകാശിതമായിരിക്കുന്നു.

ലോകഗുരുക്കന്മാർ എല്ലാം വിശദീകരിക്കാൻ ശ്രമിച്ചു. എന്നാൽ അവർ പ്രായോഗികതയിൽ പരാജയപ്പെട്ടു.എന്നാൽ യേശു ഉപദേശിച്ചു. ഉപദേശിച്ചതൊക്കെയും പ്രായോഗികമാക്കി കാണിച്ചുകൊടുക്കുകയും ചെയ്തു.

പല ഗുരുക്കന്മാരും മനുഷ്യരാശിയുടെ രോഗം എന്തെന്നു നിർണ്ണയിച്ചു. എന്നാൽ യേശു അതിനെ സുഖപ്പെടുത്തി. ആചാര്യന്മാർ പലരും എന്തുകൊണ്ടാണ് രോഗി കഷ്ടപ്പെടുന്നതെന്നും സഹനശക്തിയുടെ ആവശ്യകതയെന്തെന്നും പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ യേശു അവരോടു കിടക്ക എടുത്തു നടക്കുവാൻ പറഞ്ഞു. ➪6




# കമ്മ്യൂണിസവും ക്രിസ്തുമതവും

## സാംസൺ കോട്ടൂരിന് വേദാഭിമാനിയുടെ മറുപടി

**ലോ**കത്തെ പിടിച്ചുകുലുക്കിയ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ രചിക്കുമ്പോൾ കാൾമാർക്സിന് വെറും 29 വയസ്. ഫ്രെഡറിക് എംഗൽസിന് 27 വയസും. ഈ യുവാക്കളെഴുതിയ മാനിഫെസ്റ്റോ എന്ന ചെറുകൃതിയെപ്പോലെ ആധുനിക ലോകചരിത്രത്തെ ഇത്രയേറെ സ്വാധീനിച്ച വരികൾ അതിനുമുമ്പോ അതിനുശേഷമോ എഴുതപ്പെട്ടിട്ടില്ല.

ഇതിനിടെ ആഹാരക്കുറവും ന്യുമോണിയയും കോളറയും മൂലം മാർക്സിന്റെ മൂന്നു മക്കൾ മരണത്തിന് കീഴടങ്ങി. ഹൃദയം കീറിപ്പിളരുന്ന വേദനകൾക്കിടയിലും മാർക്സ് എഴുത്തും വായനയും പഠനവും പ്രായോഗിക പ്രവർത്തനവും തുടർന്നുകൊണ്ടേയിരുന്നു.

ദാരിദ്ര്യം എന്ന വാക്കിന്റെ ശരിയായ അർത്ഥമായിരുന്നു കാൾമാർക്സിന്റെ ജീവിതം. 1881 ഡിസംബർ 2-ന് തന്റെ ഭാര്യ ജന്നി മരിച്ചതോടെ ദുഃഖിതനും ക്ഷീണിതനുമായിത്തീർന്ന മാർക്സ് തന്റെ ചാരുകസേരയിൽ കിടന്നുകൊണ്ട് 1883 മാർച്ച് 14-ന് മരണത്തിന് കീഴടങ്ങി. ലണ്ടനിലെ ഹൈഗേറ്റ് സെമിത്തേരിയിൽ ജന്നിക്കടുത്ത് മാർക്സിനെയും സംസ്കരിച്ചു.




ക്രിസ്തുമാർഗ്ഗത്തിന്റെ ആരംഭത്തിൽ തന്നെ ‘കമ്മ്യൂണു’കൾ ഉണ്ടായിരുന്നു. ആദിമസഭയുടെ കൂട്ടായ്മ ഒരു ‘കമ്മ്യൂൺ’ ആയിരുന്നു. അപ്പൊസ്തോലപ്രവൃത്തികളിൽ നാം ഇപ്രകാരം വായിക്കുന്നു: “വിശ്വാസം സ്വീകരിച്ച എല്ലാവരും ഒരു സമൂഹമായി. എല്ലാ വസ്തുക്കളും അവർക്ക് പൊതുവായിരുന്നു. അവർ തങ്ങളുടെ വസ്തുവകകളും വിഭവങ്ങളും വിറ്റു; ഓരോരുത്തരുടെയും ആവശ്യാനുസരണം എല്ലാവർക്കുമായി പങ്കിടുകയും ചെയ്തു”. (Acts of the apocties 2:44-45)

വിശ്വാസികളുടെ സമൂഹം ഒരേ ഹൃദയവും ഒരേ ആത്മാവുമായി വ്യാപരിച്ചു. ആരും വ്യക്തിപരമായി സ്വത്ത് അവകാശപ്പെട്ടില്ല. സ്വത്തെല്ലാം സമൂഹത്തിനു പൊതുവായിരുന്നു. അവരുടെ ഇടയിൽ ദരിദ്രന്മാർ ഉണ്ടായിരുന്നില്ല. കാരണം, സ്വന്തമായുണ്ടായിരുന്നതെല്ലാം അവർ പൊതുസ്വത്താക്കിത്തീർത്തു. ഓരോരുത്തരുടെയും ആവശ്യമനുസരിച്ച് അത് വിതരണം ചെയ്തു. ഓരോരുത്തർക്കും ആവശ്യമനുസരിച്ച് എന്ന പ്രമാണമാണ് ക്രിസ്തീയ സമൂഹം സ്വീകരിച്ചിരുന്നത്. അതാണ് പിന്നീട് സോഷ്യലിസ്റ്റ് പ്രമാണമായി തീർന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രകടിപ്പിച്ച ഒരു ചിന്തകൻ വിൽഹെം വെയ്റ്റ്ലിംഗ് (Wilhelm Weitling) ആയിരുന്നു. ‘ദരിദ്രരായ പാപികളുടെ സുവിശേഷം’ (Gospel of the poor sinners) എന്ന ഗ്രന്ഥത്തിൽ, പ്രാരംഭകാല ക്രിസ്തുമതത്തിൽ കമ്മ്യൂണിസം ഉണ്ടായിരുന്നു എന്ന് അദ്ദേഹം എഴുതി. വെയ്റ്റ്ലിംഗിന്റെ വേറൊരു കൃതിയായ ‘ഐക്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഉറപ്പ്’ (Guarantee of Harmony and Freedom) മാർക്സിന്റെ ശ്രദ്ധ പിടിച്ചുപറ്റി. മാർക്സും എംഗൽസും അദ്ദേഹത്തെ വിശേഷിപ്പിച്ചത് ‘ഉട്ടോപ്യൻ സോഷ്യലിസ്റ്റ്’ എന്നായിരുന്നെങ്കിലും വെയ്റ്റ്ലിംഗിനെ എംഗൽസ് ജർമ്മൻ കമ്മ്യൂണിസത്തിന്റെ സ്ഥാപകൻ എന്നും പരാമർശിക്കുകയുണ്ടായി. ‘ലീഗ് ഓഫ് ദി ജസ്റ്റി’ (League of this just) ന്റെ സ്ഥാപക നേതാക്കളിൽ വെയ്റ്റ്ലിംഗിന്റെ ആശയങ്ങൾ സ്വാധീനം ചെലുത്തി. ലീഗിന്റെ ലക്ഷ്യം ‘അയൽക്കാരോടുള്ള സ്നേഹം, സമത്വം, നീതി’ എന്നീ ആദർശങ്ങൾ അടിസ്ഥാനമാക്കി ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുകയായിരുന്നു. 1847-ൽ ലണ്ടനിൽ നടന്ന ‘ലീഗ് ഓഫ് ദി ജസ്റ്റ്’ന്റെ സമ്മേളനം കമ്മ്യൂണിസ്റ്റ് ലീഗിന്റെ ഉദ്ഘാടന സമ്മേളനമായിത്തീർന്നു. എംഗൽസ് ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. സംഘടനയ്ക്ക് ഒരു പ്രകടനപത്രിക ഉണ്ടാക്കാൻ മാർക്സിനെയും എംഗൽസിനെയും നിയോഗിച്ചു. അതാണ് ‘കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ’.

ഒരു പ്രത്യേക സിദ്ധാന്തം എന്ന നിലയിൽ മാർക്സിസം രൂപമെടുത്തപ്പോഴാണ് അതിനു ക്രിസ്തുമതത്തോടുള്ള ബന്ധം വ്യക്തമായത്. ക്രിസ്തീയ സുവിശേഷത്തോടും ചിന്തകരോടും മാർക്സിസത്തിനുള്ള കടപ്പാട് നിഷേധിക്കാൻ സാദ്ധ്യമല്ല.

ഇവിടെ എടുത്തു പറയേണ്ട ഒരു കാര്യമുണ്ട്. കമ്മ്യൂണിസത്തിനു തങ്ങളുടെ മതവുമായി ബന്ധമുണ്ടെന്നു കേൾക്കുന്നത് പല ക്രിസ്ത്യാനികൾക്കും അസുഖകരമാണ്. ആ ബന്ധം ഒരു വസ്തുതയാണെങ്കിലും അത് അംഗീകരിക്കാൻ അവർ വൈമുഖ്യം കാട്ടുന്നു. അപ്പൊസ്തലപ്രവൃത്തികൾ (Acts of the Apostles) പോലെയുള്ള വേദഭാഗങ്ങളിൽ വിവരിച്ചിട്ടുള്ള സാമൂഹ്യക്രമം ക്രിസ്ത്യാനികളുടെ സ്വമേധയായുള്ള തീരുമാനത്തിന്റെ ഫലമാണ്. കമ്മ്യൂണിസ്റ്റുകാരാകട്ടെ പുതിയ സാമൂഹ്യക്രമം അടിച്ചേൽപ്പിക്കാനാണ് ശ്രമിക്കുന്നത്. സാമൂഹ്യക്രമത്തെപ്പറ്റിയുള്ള അവരുടെ സങ്കല്പങ്ങൾ പുതിയനിയമത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. വേദപുസ്തകം വിഭാവനം ചെയ്യുന്ന സാമൂഹ്യക്രമം മാർക്സിസത്തിലുണ്ടെന്നുള്ള വസ്തുത ആർക്കും നിഷേധിക്കാനാവില്ല.

മാർക്സിന്റെ പ്രാരംഭകാല ചിന്താവികാസത്തിൽ രണ്ട് പ്രധാന വിഷയങ്ങളുണ്ട്. മനുഷ്യനെപ്പറ്റിയുള്ള സങ്കൽപ്പവും ചരിത്രത്തെപ്പറ്റിയുള്ള സങ്കൽപ്പവും. ഇവയ്ക്ക് മനുഷ്യനെയും ചരിത്രത്തെയും സംബന്ധിച്ചുള്ള ക്രിസ്തീയ വ്യാഖ്യാനവുമായി പ്രകടമായ സാധർമ്മ്യമുണ്ട്. *(ശേഷം പേജ് 8 കാണുക)*




യാത്ര പൂർത്തിയാക്കാതെ ബാറൂക്ക് മടങ്ങിയെത്തിയപ്പോൾ വീട്ടുകാരും നാട്ടുകാരുമൊക്കെ കണ്ടത് പുതിയൊരു മനുഷ്യനെയായിരുന്നു. ദൈവം നല്കയിട്ടുള്ള സൗഭാഗ്യങ്ങൾക്കു നന്ദി പറയുന്ന സന്തോഷവാനും സംതൃപ്തനുമായ ഒരു മനുഷ്യനെ. പൊരിയുന്ന വെയിലത്തു ദാഹം തീർക്കാൻ മതിവരുവോളം ശുദ്ധജലം നമുക്കുണ്ടെന്നു നാം കരുതുക. അപ്പോൾ നാം സംതൃപ്തരാകുമോ? തലചായ്ക്കാൻ ഒരു വീടും ഉപജീവനത്തിനൊരു ജോലിയും സുഖദുഃഖങ്ങൾ പങ്കുവയ്ക്കാൻ സ്നേഹസമ്പന്നരായ കുടുംബാംഗങ്ങളും നമുക്കുണ്ടെന്നു കരുതുക. പക്ഷേ, അപ്പോഴും നാം സംതൃപ്തരായിരിക്കുമോ?

നമ്മുടെ ജീവിതത്തിൽ നമുക്കെന്തെല്ലാം സൗഭാഗ്യങ്ങളുണ്ടായാലും അവയെക്കുറിച്ച് അവബോധമുള്ളവരായി ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടു സംതൃപ്തരായി നാം ജീവിക്കുമോ? സംശയമാണ്. നമ്മുടെ ജീവിതത്തിൽ എന്തെല്ലാം നന്മകളും സൗഭാഗ്യങ്ങളുമുണ്ടായാലും നമുക്കു മറ്റുള്ളവരേക്കാൾ എന്തിന്റേയോ കുറവുണ്ടെന്നായിരിക്കില്ലേ പലപ്പോഴും നമ്മുടെ ചിന്ത? ഇങ്ങനെയുള്ള ചിന്തയല്ലേ നമ്മുടെ മനസ്സിനെ അസ്വസ്ഥമാക്കുന്നത്?

ബാറൂക്കിനു തന്റെ ജീവിതത്തിലെ സൗഭാഗ്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവുണ്ടാകുന്നതിന് ഒരു മണലാരുണ്യത്തിന്റെ മധ്യത്തിൽ അലയേണ്ടിവന്നു. പക്ഷേ, നമ്മുടെ ജീവിതത്തിൽ ഇമ്മാതിരിയൊരു ദുഃസ്ഥിതിക്കുവേണ്ടി നാം കാത്തിരിക്കണോ, സ്വന്തം ജീവിതത്തിലെ സൗഭാഗ്യങ്ങളെക്കുറിച്ചൊരു തിരിച്ചറിവ് നമുക്കുണ്ടാകാൻ?


നമുക്കു കണ്ണുകാണാനും ചെവി കേൾക്കാനും എഴുന്നേറ്റു നടക്കാനും കൈകൾകൊണ്ട് അനായാസം ജോലിചെയ്യാനുമൊക്കെ സാധിക്കുന്നുണ്ടെങ്കിൽ നാം യഥാർത്ഥത്തിൽ സൗഭാഗ്യമുള്ളവരല്ലേ? ഈ പറഞ്ഞ കാര്യങ്ങളിൽ പലതും സാധിക്കാതെ ജീവിതത്തിൽ ക്ലേശിക്കുന്നവർ എത്രയോ അധികമാണ്! അവരുടെ സ്ഥിതിയുമായി തുലനംചെയ്താൽ നമുക്ക് ആരോട് എന്തു കാര്യത്തെക്കുറിച്ചു പരാതി പറയാനാണ് അവകാശമുള്ളത്? ജീവിതത്തിൽ ഒന്നിനെക്കുറിച്ചും തൃപ്തിയില്ലാതിരിക്കുക എന്നത് നമ്മിൽ പലരുടെയും സ്വഭാവത്തിന്റെ അടിസ്ഥാനഭാവമായി മാറിയിട്ടുണ്ടെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ജീവിതത്തിൽ തൃപ്തിക്കുറവുള്ളവർക്ക് എന്നും എപ്പോഴും എല്ലാറ്റിനെക്കുറിച്ചും തൃപ്തിക്കുറവാണ്. പരാതികളും പരിദേവനങ്ങളും മാത്രമേ അവർക്കുള്ളൂ. അവർക്കില്ലാത്തതും മറ്റുള്ളവർക്ക് ഉണ്ടെന്നു തോന്നുന്നതുമായ സൗഭാഗ്യങ്ങൾ തേടി അവർ അലയും. എന്നാൽ, അവർ ഒരിക്കലും ഒന്നിലും തൃപ്തി കണ്ടെത്തുകയില്ലെന്നതാണു സത്യം.

ജീവിതത്തെക്കുറിച്ചു ധാരാളം സ്വപ്നങ്ങളും പ്രതീക്ഷകളും ഉള്ളതു നമുക്ക് നല്ലതാണ്. അവയുടെ സാഫല്യത്തിനായി നാം പ്രയത്നിക്കുകയും വേണം. പക്ഷേ, അപ്പോഴും നമുക്കുള്ള നന്മകളിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തിക്കൊണ്ടുവേണം നാം മുന്നോട്ടു പോകേണ്ടത്. അല്ലെങ്കിൽ, നാം ജീവിതത്തിലെന്തെല്ലാം നേടിയാലും നമുക്കൊരിക്കലും തൃപ്തിയും സന്തോഷവും ഉണ്ടാകില്ല.



## അതുല്യനായ യേശു

5



പല തത്വജ്ഞാനികളും പാപത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ നടത്തി. എന്നാൽ പാപത്തിനു വിട്ടുപോകാനുള്ള വഴിയായി യേശു തന്നെത്തന്നെ സമർപ്പിച്ചു.

ദൈവത്തിങ്കലേക്കുള്ള പാതയെക്കുറിച്ചും ദൈവത്തെ കണ്ടെത്താനുള്ള മാർഗ്ഗത്തെക്കുറിച്ചും യേശു സുദീർഘമായ പ്രഭാഷണങ്ങൾ നടത്തിയില്ല. പകരം അവിടുന്നു “ഞാൻ തന്നെ വഴിയും സത്യവും ജീവനും” എന്ന് പ്രഖ്യാപിച്ചു.

പീലാത്തോസിനോടൊപ്പം പലരും ചോദിച്ചു: “എന്താണ് സത്യം?” യേശു തന്നെത്തന്നെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു “ഞാനാണു സത്യം”.

ശാരീരികമായ ജീവൻ എന്തെന്നു ശാസ്ത്രം നിർവചിച്ചു. എന്നാൽ യേശു തന്നെത്തന്നെ ലോകത്തിനു മുമ്പിൽ വച്ചുകൊണ്ട് സാക്ഷാൽ ജീവനെ ഇങ്ങനെ നിർവചിച്ചു: “ഞാൻതന്നെ ജീവൻ”. യേശുവിനെ യഥാർത്ഥമായി ശ്രദ്ധിച്ചുനോക്കുന്ന ഒരുവനു താൻ സാക്ഷാൽ ജീവനെയാണ് ദർശിക്കുന്നതെന്നു അവന്റെ ആത്മാവിന്റെ അടിത്തട്ടിൽ ബോധ്യം ലഭിക്കും.

ലോക ജീവിതത്തിന്റെ പ്രശ്നങ്ങളെ നേരിടാൻ യേശു കാഴ്ച വച്ച ഈ പ്രായോഗികത ഇന്നു ലോകത്തിന് ഏറെ ആവശ്യമാണ്. ദൈവരൂപത്തിൽ ഇരിക്കെ വീണ്ടെടുപ്പിനായി, സ്നേഹശുശ്രൂഷയ്ക്കായി സ്വയം കുനിഞ്ഞ് മനുഷ്യനായിത്തീർന്ന അവിടുന്ന് ദൈവം തന്നെയാണ്.

ഊഹാപോഹങ്ങൾ കണ്ടും കേട്ടും തളർന്ന മനുഷ്യസമൂഹത്തിന് അനുഗമിക്കാൻ കൊള്ളാവുന്ന ഏക രക്ഷകൻ അതുല്യപ്രഭാവനായ യേശുക്രിസ്തു മാത്രമാണെന്ന സത്യം അസാധാരണമായ അവകാശവാദമാണെന്ന് തോന്നാമെങ്കിലും വസ്തുനിഷ്ഠമായ പരിശോധനയിൽ ഇത് യാഥാർത്ഥ്യമാണെന്ന് ഏവർക്കും ബോധ്യമാകും.




4

ഇക്കാര്യം നാം സമ്മതിക്കുമോ? നാം മറ്റുള്ളവരെ സ്നേഹിക്കാതെ പോകുന്നുവെങ്കിൽ അതിന്റെ കാരണം അവർതന്നെയാണെന്നല്ലേ നമ്മുടെ ചിന്താഗതി.

ചിലരുടെ പ്രവൃത്തി കണ്ടാൽ അവരെ എങ്ങനെ സ്നേഹിക്കുവാൻ സാധിക്കുമെന്നു നാം ചോദിക്കാറില്ലേ? നാം ഇങ്ങനെ ചോദിച്ചാൽ അതിന്റെ അർത്ഥം നമ്മുടെ സ്നേഹം മറ്റുള്ളവരുടെ പ്രവൃത്തിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്നല്ലേ? മറ്റുള്ളവർ നമ്മോട് എങ്ങനെ പ്രതികരിച്ചാലും അവരെ സ്നേഹിക്കുവാൻ നമുക്കു സാധിക്കണം. എങ്കിലേ, നമ്മിൽ സ്നേഹം ഉണ്ടെന്നു നമുക്ക് അവകാശപ്പെടാനാവൂ. മറ്റുള്ളവരുടെ പ്രതികരണമനുസരിച്ച് കൂടുകയും കുറയുകയും ചെയ്യുന്ന ഒരു പ്രതിഭാസമായി നമ്മുടെ സ്നേഹത്തെ നാം കാണരുത്. മറിച്ച്, പരിധിയില്ലാത്ത നമ്മുടെ സ്നേഹംകൊണ്ട് മറ്റുള്ളവരുടെ പ്രതികരണത്തെ മാറ്റിമറിക്കുവാൻ നമുക്കു സാധിക്കും എന്ന ബോധ്യം നമുക്കുണ്ടാകണം.

നമ്മുടെ സ്നേഹം യഥാർത്ഥവും ആഴമുള്ളതുമാണെങ്കിൽ അതുവഴിയുണ്ടാകുന്ന ഫലം വളരെ വലുതായിരിക്കും.





# വേദാഭിമാനിയുടെ മറുപടി

**സിന്ധുനിവാസികൾ മാംസപ്രിയരെന്ന് നിങ്ങൾ ഒരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇതു സംബന്ധിച്ച് ഇന്ത്യയുടെ ചരിത്രവും സംസ്കാരവും എന്തെന്ന് നിങ്ങൾക്കറിയാമോ? നിങ്ങൾക്കും നിങ്ങളുടെ ദൈവമായ യഹോവയ്ക്കും മാംസം പ്രിയമായിരിക്കാം. ആരാധ്യമായതിനെ ഭാരതീയർ ഭക്ഷിക്കാറില്ല. കാര്യങ്ങൾ ഇങ്ങനെയായിരിക്കെ സസ്യഭുക്കുകളായ ഭാരതീയർ മാംസപ്രിയരാണെന്ന കല്പിത ചരിത്രത്തിനു പിന്നിലെ ലക്ഷ്യം എന്താണ്? – ഇ. പി. ശ്രീജിത്ത്, കീഴൂർ, മുട്ടക്കാട്, വെള്ളിയാനി, തിരുവനന്തപുരം**

പശു, കാള, പോത്ത്, എരുമ എന്നീ നാൽക്കാലികളുടെ ഇറച്ചി എന്നർത്ഥത്തിൽ പൊതുവേ പ്രയോഗിച്ചുവരുന്ന 'ബീഫി' നു മനുഷ്യരുടെ ഭക്ഷണചരിത്രത്തിൽ സുപ്രധാനവും സവിശേഷവുമായ സ്ഥാനമാണുള്ളത്. എന്നാൽ ഈ ചരിത്രത്തെ അപ്പാടെ തള്ളിക്കളഞ്ഞുകൊണ്ടാണു ഭാരതീയർ സസ്യഭുക്കുകളായിരുന്നുവെന്ന കല്പിതചരിത്രം നിർമ്മിക്കാൻ ചിലർ ശ്രമിക്കുന്നത്. വെജിറ്റേറിയൻ ഭക്ഷണം മഹനീയവും ശുദ്ധവുമാണെന്ന ധാരണകളെ ആശ്ലേഷിച്ചുകൊണ്ട് സുവർണവും സവർണവുമായ ഒരു ഗതകാലത്തെ മെനഞ്ഞെടുക്കുന്നതിന്റെ ഭാഗമാണ് ഇത്തരം നീക്കങ്ങൾ. ഈ 'വെജിറ്റേറിയൻ ചരിത്രനിർമിതി'ക്കു പിന്നിൽ സുനിശ്ചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടെന്നു സാരം. ഇങ്ങനെ വരുമ്പോൾ മാട്ടിറച്ചി അഥവാ ബീഫ് എന്നത് ഒരു മാംസഭക്ഷണം മാത്രമല്ല 'രാഷ്ട്രീയഭക്ഷണം' കൂടിയാവുന്നു.

പൗരാണിക ഭാരതത്തിലെ മനുഷ്യർ സസ്യഭുക്കുകൾ ആയിരുന്നുവെന്ന വാദം അടിസ്ഥാനരഹിതമാണ്. ബ്രാഹ്മണർ ഉൾപ്പെടെ, ഏതാണ്ടെല്ലാ ജനവിഭാഗങ്ങളും മാംസഭുക്കുകളോ മിശ്രഭുക്കുകളോ ആയിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. മനുഷ്യരുടെ വികാസപരിണാമഗതിയിലെ ഒരു സുപ്രധാനഘട്ടമാണ് ഇടയജീവിതഘട്ടം. മനുഷ്യർ കന്നുകാലികളെ മേച്ചുനടന്നിരുന്ന ഈ കാലഘട്ടത്തിൽ മാട്ടിറച്ചി അവരുടെ സ്ഥിരഭക്ഷണമായി മാറിയിരുന്നുവെന്നു ചരിത്രകാരനായ ആർ.എസ്. ശർമ 'പ്രാചീനഭാരതം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ട്. വേദകാലഘട്ടത്തിൽത്തന്നെ ബീഫ് ഒരു പ്രധാന ഭക്ഷണമായിരുന്നുവെന്നു സാരം. ഇന്ദ്രദേവനു കാളയുടെ ഇറച്ചിയും അഗ്നിദേവന് പശു, കാള എന്നിവയുടെ ഇറച്ചിയും പ്രിയങ്കരമായിരുന്നുവെന്നു വേദങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പ്രസിദ്ധ പണ്ഡിതനായ ഡി.എൻ.ഝാ എഴുതിയ 'ഹോളി കൗ: ബീഫ് ഇൻ ഇന്ത്യൻ ഡയറ്ററി ട്രഡീഷൻ' എന്ന പുസ്തകത്തിൽ ഇതിന്റെ സൂക്ഷ്മവിവരണങ്ങൾ കാണാം. എത്ര കന്നുകാലികൾ ഒരാൾക്കു കൈമുതലായുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു അന്നു സമ്പന്നത നിർണ്ണയിക്കപ്പെട്ടിരുന്നത്.





വേദാനന്തര കാലഘട്ടത്തിൽ ഗോമാംസ ഭക്ഷണരീതി തുടർന്നുപോന്നിരുന്നു എന്നതിന് പര്യാപ്തമായ തെളിവുകൾ ഉണ്ട്. ധർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളിൽ ഏറ്റവും കൂടുതൽ സ്വാധീനം ഉളവാക്കിയിട്ടുള്ള മനുസ്മൃതി (എ.ഡി.100 –200), പട്ടിണിയിൽ നിന്നും രക്ഷനേടാനായി സദാചാരനിഷ്ഠരായിരുന്ന ബ്രഹ്മണർതന്നെ കാളയുടെയും നായയുടെയും മാംസം ഭക്ഷിച്ചിരുന്നതായി പറയുന്ന ഐതിഹാസികമായ ഉദാഹരണങ്ങൾ തന്നെയുണ്ട്. ജ്ഞാനിയായ ഒരു ബ്രാഹ്മണനെ വലിയ പശുവോ ആടോ നല്കി സ്വീകരിച്ചിരുന്നതായി യാജ്ഞവാല്ക്യസ്മൃതി (എ.ഡി.100–300) പറയുന്നുണ്ട്. ധർമ്മശാസ്ത്ര പരാമർശങ്ങൾ എന്തുതന്നെയുമായിക്കൊള്ളട്ടെ, ചിലയാൾക്കാർക്കെങ്കിലും ഗോമാംസം ഭക്ഷിക്കുന്നത് പൂർണ്ണമായും നിർത്തലാക്കാനായില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാലത്താണല്ലോ (അമേരിക്കയിൽ താമസിക്കുന്ന കാലത്ത്) സ്വാമി വിവേകാനന്ദൻ ഗോമാംസം ഭക്ഷിച്ചുവെന്ന ആരോപണമുയരുന്നത്. ബ്രാഹ്മണർക്കു ധാന്യങ്ങളും മാട്ടിറച്ചിയും നൽകിപ്പോന്നതുകൊണ്ടാണ് രന്തീ ദേവന് പ്രസിദ്ധി വർദ്ധിച്ചതെന്നു മഹാഭാരതത്തിൽ കാണാം. 'തൈത്തരീയബ്രാഹ്മണ'ത്തിൽ പശു തീർച്ചയായും ഒരു ഭക്ഷണമാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അഥോ അന്നം വയാ ഗായ്. യാജ്ഞവൽക്യന് ഇളംപശുവിന്റെ മാംസം ഇഷ്ടമായിരുന്നുവെന്ന കാര്യം ചരിത്രത്തിൽ വിഖ്യാതമാണ്. 'ചരകസംഹിത'യിൽ ഗോമാംസം സൂപ്പാക്കി ഭക്ഷിക്കുന്നതിനെപ്പറ്റി പറയുന്നുണ്ട്. പല രോഗങ്ങൾക്കുള്ള ഔഷധമായി ഗോമാംസത്തെ വിധിക്കുന്നുമുണ്ട്.

ആര്യന്മാരുടെ വരവോടെയാണ് ഭാരതത്തിൽ വെജിറ്റേറിയൻ ഭക്ഷണസമ്പ്രദായം രൂപീകൃതമാവുന്നതെന്ന തെറ്റിദ്ധാരണ വർത്തമാനകാലസമൂഹത്തിൽ നിലനിൽക്കുന്നു. യഥാർത്ഥത്തിൽ ബുദ്ധ–ജൈനമതക്കാരായിരുന്നു വെജിറ്റേറിയൻ ഭക്ഷണസമ്പ്രദായത്തിന്റെ പ്രായോജകർ. അഹിംസാവാദിയും മൃഗക്ഷേമതല്പരനുമായിരുന്ന ശ്രീബുദ്ധൻ മൃഗഹിംസയെ എതിർത്തിരുന്നു. പിന്നീടൊരു ഘട്ടത്തിൽ ബ്രാഹ്മണിസം ബുദ്ധമതത്തെ നിഷ്കാസനം ചെയ്തു. ബുദ്ധമതത്തിന്റെ ആശയാവലികളെ ബ്രാഹ്മണിസം അട്ടിമറിക്കാൻ ശ്രമിച്ചു. അട്ടിമറിച്ചു വഴങ്ങാത്തവയെ സ്വാംശീകരിക്കുകയോ വിഴുങ്ങുകയോ ചെയ്തു.

ഇപ്രകാരം വിഴുങ്ങേണ്ടിവന്ന അഥവാ ബ്രഹ്മണമതത്തിനു 'പ്രച്ഛന്നമായി' സ്വീകരിക്കേണ്ടിവന്ന ബുദ്ധമതാശയമായിരുന്നു മൃഗ–അഹിംസ. പരമമായ കാരുണ്യത്തിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിലായിരുന്നു മൃഗ–അഹിംസാവാദം ബുദ്ധമതം കൈയാളിയിരുന്നതെങ്കിൽ ബ്രഹ്മണപ്രത്യയശാസ്ത്രം ഈ അഹിംസാവാദത്തെ ഏറ്റെടുത്തതു കേവലം സങ്കുചിതാർത്ഥത്തിലും പ്രതീകാത്മകവുമായാണ്. ഇതിന്റെ വെളിപ്പെടലാണു ഗോവധനിരോധനം. പശുവിനെ വധിക്കുന്നതു മാത്രമാണു കുറ്റകരം. കാളയ്ക്കോ പോത്തിനോ എരുമയ്ക്കോ ഈ നിരോധനം ബാധകമല്ലത്രേ.

ഭാരതീയരുടെ മാട്ടിറച്ചിഭക്ഷണത്തിന്റെ ചരിത്രം ഖനനത്തിലൂടെ പുരാവസ്തുവകുപ്പ് പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ബുലന്ദ് ഷെഹ്ർ ജില്ലയിലെ ലാൽ ഖിലയിൽ നടത്തിയ ഖനനത്തിലെ ഒരു തിരിച്ചറിവ് വേദകാലഘട്ടത്തിലെ സ്ഥിരഭക്ഷണമായിരുന്നു മാട്ടിറച്ചിയെന്നാണ്. ഇതിന്റെ വിശദവിവരങ്ങൾ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലായിരുന്ന ബി.ബി.ലാൽ എഡിറ്റു ചെയ്തു പ്രസിദ്ധീകരിച്ച 'ഇന്ത്യൻ ആർക്കിയോളജി 1967–70: എ റിവ്യൂ'വിലുണ്ട്. ഇതുപോലെ പ്രസിദ്ധീകരിക്കപ്പെട്ട '1961–62 ലെ റിവ്യൂ'വിൽ ഉദയ്പൂർ ജില്ലയിൽ നടന്ന ഖനനത്തിന്റെ വിശദാംശങ്ങൾ അടങ്ങിയിരിക്കുന്നു. അതിലും വേദകാലഘട്ടത്തിലെ മാട്ടിറച്ചിഭക്ഷണത്തിന്റെ സൂചനകൾ കാണാം. ഗോരഖ്പൂർ, കുർനൂലിലെ രാമപുരം, ഗുണ്ടൂരിലെ ഗണ്ടല്ലൂർ, ശിഖർ ജില്ലയിലെ ഗണേശ്വരം, അഹമ്മദ് നഗറിലെ ദായ്മാബാദ് തുടങ്ങിയ ഇടങ്ങളിൽ നടന്ന വിവിധ പുരാഖനനങ്ങളിൽ ഭാരതീയരുടെ ബീഫ് പ്രിയത്വവും അതിന്റെ പാരമ്പര്യവും ഉരുക്കഴിക്കപ്പെടുന്നു.

കെ.ടി. അചയ രചിച്ച 'ഇന്ത്യൻ ഫുഡ്: എ ഹിസ്റ്റോറിക്കൽ കമ്പാനിയൻ' എന്ന പുസ്തകത്തിൽ, ബി.സി.1500–ലെ സംഘകാല ജനതയ്ക്കു മാട്ടിറച്ചി ഇഷ്ടവിഭവമായിരുന്നുവന്നു ചൂണ്ടിക്കാട്ടുന്നു. സംഘം കവിയായ കപിലരുടെ പല പാട്ടുകളിലും ജനതയുടെ മാംസഭക്ഷണപ്രിയത്വം അവതരിപ്പിക്കപ്പെടുന്നുണ്ട്.

ഭാരതീയപാരമ്പര്യത്തിനും ബ്രഹ്മണഹൈന്ദവതയ്ക്കും മാട്ടിറച്ചിയോടുണ്ടായിരുന്ന അഭികാമ്യതയുടെ തുടർച്ചതന്നെയാണു സ്വാമി വിവേകാന്ദനിലും കാണുന്നത്. വിവേകാനന്ദൻ ഇപ്രകാരം എഴുതുന്നു: "ഞാൻ ഇങ്ങനെ പറയുന്നതുകൊണ്ടു നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. ബീഫ് കഴിക്കാത്തയാൾ നല്ല ഹിന്ദുവല്ല' (വിവേകാനന്ദന്റെ സമ്പൂർണ്ണകൃതികൾ, മൂന്നാം വാല്യം, പേജ് 536). മാട്ടിറച്ചി ഭക്ഷിക്കാതെ ഒരു ബ്രഹ്മണു ബ്രാഹ്മണനായി ജീവിക്കാൻ കഴിയാത്ത അവസ്ഥ ഇന്ത്യയിലുണ്ടായിരുന്നുവെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട് (പേജ് 174).

ആർഷഭാരതം എന്ന സവർണവും ഹൈന്ദവുമായ ഒരു മിത്തിക്കൽ ഇടത്തെ പുനരാനയിച്ചുകൊണ്ടാണ് ആർഷഭാരതം സംശുദ്ധവും സ്വർഗതുല്യവുമായ കാല–സ്ഥലമായിരുന്നുവെന്ന് വാദിക്കുന്നത്. ആധുനിക ഇന്ത്യയുടെ പരിമിതികളെ മറികടക്കാൻ ആർഷഭാരത സംസ്കാരത്തിലേക്കു തിരിച്ചുപോകണമെന്നുവരെ വാദം നീളുന്നു.

പശു വിരുദ്ധമൃഗമാണെന്നും ഹൈന്ദവപുരാണത്തിൽ അതിനു മഹനീയമായ സ്ഥാനമാണുള്ളതെന്നും ആർഷഭാരതത്തിൽ ആരും ഗോമാംസം ഭക്ഷിച്ചിട്ടില്ലെന്നും മറ്റുള്ള 'നിർമിതകഥ'കളാണ് പുനരുത്ഥാനവാദക്കാർക്കു പറയാനുള്ളത്. ഈ യുക്തികളുടെ പൊള്ളത്തരം തുറന്നുകാട്ടാനാണ് ഭാരതീയരുടെ മാട്ടിറച്ചിപ്രിയത്വത്തിന്റെ ചരിത്രം ഇവിടെ സംക്ഷേപിച്ചത്. യഥാർത്ഥചരിത്രം ഇതായിരുന്നിട്ടും എന്തുകൊണ്ടാവാം ഭക്ഷണസംസ്കാരത്തിന്റെ മേശപ്പുറത്തുനിന്ന് പലതിനേയും ഒഴിവാക്കുന്നത്?

'ദ സേക്രഡ് ആന്റ് ദ പ്രൊഫേൻ' എന്ന പഠനത്തിൽ ക്ലോദ് ലെവിസ്ട്രോസ് 'ബ്രികൊളാഷ്' എന്നൊരു ചിന്താമാതൃകയെപ്പറ്റി പറയുന്നുണ്ട്. ആദിമസംസ്കാരങ്ങൾ തങ്ങൾക്കു ചുറ്റുമുള്ള ഭൗതികവസ്തുക്കൾകൊണ്ട് തൽക്ഷണം ചില നൈതികതകൾ നിർമ്മിച്ചെടുക്കും. തങ്ങളുടെ സംസ്കാരം എന്തായിരിക്കണമെന്നു നിർവ്വചിക്കുന്ന സന്ദർഭമാണിത്. ഇവിടെ സംസ്കാരവിഭാഗങ്ങളെ വിവരിക്കാൻ പ്രകൃതിയിലുള്ള വസ്തുക്കളെ ഉപയോഗപ്പെടുത്തുകയാണു ചെയ്യുന്നത്. ഈ സന്ദർഭത്തിലാണ് വിശുദ്ധമൃഗം ഒരു കുലചിഹ്നമൃഗം ആയി മാറുന്നത്. എന്നാൽ ആദിമകാലത്തിൽനിന്നു വളരെ വിഭിന്നമാണ് സമകാലിക സാഹചര്യം. ബഹുസംസ്കൃതികളെയെല്ലാം ഇന്ന് ഒരേപോലെ അഭിസംബോധന ചെയ്യേണ്ടിവരുന്നു. അതിനാൽത്തന്നെ കുലചിഹ്നങ്ങൾക്ക് ജനാധിപത്യ രാഷ്ട്ര വ്യവസ്ഥയിൽ പ്രസക്തിയില്ല. പക്ഷേ, കുലചിഹ്നങ്ങൾ നിർമ്മിച്ചെടുക്കാനാണ് പുനരുത്ഥാനവാദികളുടെ ശ്രമം. ഇതിന്റെ ഭാഗമായാണ് പശുവിനെ കുലചിഹ്നമൃഗമായി അവരോധിക്കുന്നത്. കുലചിഹ്നത്തിനു വിശുദ്ധിയും പവിത്രതയും കല്പിക്കേണ്ടതുണ്ട്. ഇതിനായാണ് ശ്രീകൃഷ്ണനിലേക്കും മഹാഭാരതാദി ഇതിഹാസപുരാണങ്ങളിലേക്കും പശുവിനെ മാറ്റിമാറ്റി കെട്ടുന്നത്. കുലചിഹ്നമൃഗത്തിന് അതീതവും അതിഭൗതികവുമായ സ്വഭാവസവിശേഷതകൾ ആരോപിച്ച് നിലനിർത്താൻ അതിനെ മറ്റുള്ളവയിൽ/മറ്റുള്ളവരിൽനിന്ന് അന്യമാക്കി നിർത്തേണ്ടതുണ്ട്. അതായത് കാള, പോത്ത്, എരുമ തുടങ്ങിയ കന്നുകാലിവർഗ്ഗത്തിൽനിന്ന് അതിനെ വേർപെടുത്തണം. കൂടാതെ പൊതുസമൂഹത്തിന് അതു നിഷിദ്ധമായിരിക്കുകയും വേണം. ഈ ഇരട്ടലക്ഷ്യങ്ങളെ ഒന്നിച്ചു സാക്ഷാത്ക്കരിക്കുകയാണ് ഗോമാംസനിരോധന നിയമം.

'മൂർത്തതയുടെ യുക്തി' എന്ന ലെവിസ്ട്രോറിയൻ സങ്കല്പനം കടമെടുത്തുകൊണ്ട് ബാർത്ത് നടത്തുന്ന സാംസ്കാരിക ഇടപെടലിന്റെ വിരോധാഭാസപരമായ അട്ടിമറിയോ ഹൈജാക്കിംഗോ ആണ് സമകാലിക ഇന്ത്യൻ സാഹചര്യത്തിലെ പശുവിന്റെ ദൈവവൽക്കരണവും ഗോമാംസനിരോധനവും.

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Aug: 2021 at RMS Kayamkulam
Published on Ist Aug: 2021
RNI Registered No. KERMAL/2002/7361



## മഹാറാണി ആയാലും...

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭരണാധികാരിയായിരുന്ന വിക്ടോറിയാ രാജ്ഞിയുടെ ഭർത്താവായിരുന്നു 'സർജന്റ് ആൽബർട്ട്'. ഒരു ദിവസം രാജ്ഞിയും ഭർത്താവും തമ്മിൽ ഏതോ കൊച്ചുകാര്യത്തിനു പിണങ്ങി.

ആൽബർട്ട് ഭാര്യയെ തോൽപ്പിച്ച് കൊട്ടാരത്തിലെ ഒരു മുറിയിൽ കയറി കതകടച്ചു. രാജ്ഞി വാതിൽക്കൽ വന്നു മുട്ടി. മറുപടിയില്ല. കതകു തുറക്കാൻ അപേക്ഷിച്ചു. അകത്ത് അനക്കമൊന്നുമില്ല. അൽപ്പനേരം കാത്തുനിന്നിട്ടും കതകു തുറക്കുന്നില്ലെന്നു കണ്ടപ്പോൾ രാജ്ഞി കുപിതയായി. അവർ ആജ്ഞാപിച്ചു.


"ബ്രിട്ടീഷ് രാജ്ഞിയാണ് ആജ്ഞാപിക്കുന്നത്. കതക് തുറക്ക്".

അതു കേട്ടപ്പോൾ ആൽബർട്ടിനു കലികയറി. അദ്ദേഹം കതകിന്റെ ഒരു സാക്ഷാകൂടി അകത്തുനിന്നിട്ടു. പക്ഷേ പ്രശ്നം സങ്കീർണ്ണമാകുകയായിരുന്നു. രാജ്ഞി ആജ്ഞാപിച്ചാൽ ആരാണെങ്കിലും അനുസരിക്കേണ്ടതാണ്. അനുസരിച്ചില്ലെങ്കിൽ അതു നിയമലംഘനമാണ്.

വിവരം അറിഞ്ഞ് അവരുടെ വിവാഹം നടത്തിയ വൃദ്ധപുരോഹിതൻ വന്നു രാജ്ഞിയെ ഉപദേശിച്ചു. വിവാഹസമയത്ത് 'അങ്ങയെ അനുസരിക്കുകയും വിധേയപ്പെടുകയും ചെയ്യാമെന്നു' വിക്ടോറിയാ പ്രതിജ്ഞ ചെയ്ത കാര്യം അദ്ദേഹം ഓർമ്മിപ്പിച്ചു. ഇപ്പോൾ അതിനു വിരുദ്ധമായി ചെയ്യുന്നതു ശരിയാണോ?

രാജ്ഞിക്കു ബോധ്യം വന്നു. അവർ പശ്ചാത്താപ വിവശയായി ഭർത്താവിനോടു കതകു തുറക്കാൻ വളരെ താഴ്മയോടെ അപേക്ഷിച്ചു. ആൽബർട്ടിനു മനംമാറ്റം ഉണ്ടായി. അദ്ദേഹം കതകു തുറന്ന് ഇറങ്ങിവന്ന് ഭാര്യയെ ആശ്ലേഷിച്ചു.

മഹാറാണിയായാലും ദൈവവചനത്തിനു മാറ്റമില്ല. എഫെസ്യർ 5:24,25 വായിക്കുക.




## എന്തിന് നൂറുപേർ?

ആൽബർട്ട് ഐൻസ്റ്റീൻ പ്രശസ്തമായ ആപേക്ഷികതാസിദ്ധാന്തം അവതരിച്ചകാലം. ശാസ്ത്രലോകം അത്ഭുതത്തോടെയാണ് ആ പുതിയ കണ്ടെത്തലിനെ സ്വീകരിച്ചത്.

എന്നാൽ ആപേക്ഷികതാസിദ്ധാന്തത്തെ എതിർത്തവരും ധാരാളം പേരുണ്ടായിരുന്നു. പ്രത്യേകിച്ചും ജർമ്മനിയിൽ. അതിനു മറ്റൊരു കാരണം കൂടിയുണ്ടായിരുന്നു. ഹിറ്റ്ലർക്കും നാസികൾക്കും ജൂതരോടുള്ള വിരോധം! ജൂതവംശത്തിൽ പിറന്ന ആളായിരുന്നു ഐൻസ്റ്റീൻ.

നാസികൾ എന്തുചെയ്തെന്നോ? ഐൻസ്റ്റീനെതിരെ പ്രഗത്ഭരായ കുറേ ശാസ്ത്രജ്ഞരെ സംഘടിപ്പിച്ചു. അവരുടെ ഒരു കൃതി പ്രസിദ്ധീകരിച്ചു–'ഐൻസ്റ്റീനെതിരെ നൂറ് എഴുത്തുകാർ'.

ഇതേപ്പറ്റി ആരോ ഐൻസ്റ്റീനോട് ചോദിച്ചു. അദ്ദേഹം നിരാശപ്പെടുകയോ ക്ഷോഭിക്കുകയോ ഒക്കെ ചെയ്യുമെന്ന് പ്രതീക്ഷിച്ചായിരുന്നു ചോദ്യം. എന്നാൽ ആ മഹാശാസ്ത്രജ്ഞന്റെ പ്രതികരണം ഇതായിരുന്നു.

"എന്റെ കണ്ടുപിടിത്തം തെറ്റാണെങ്കിൽ അത് ചൂണ്ടിക്കാണിക്കാൻ എന്തിനാണ് നൂറുപേർ? ഒരൊറ്റയാൾ മതിയായിരുന്നല്ലോ!"

## യുക്തിയ്ക്ക് നിരക്കാത്ത ശാസ്ത്രം

ആയിരത്തിയഞ്ഞൂറോ രണ്ടായിരമോ കോടി കൊല്ലം മുമ്പ് പ്രപഞ്ചം അതീവസാന്ദ്രതയുള്ള ഒരു കൊച്ചു പദാർത്ഥമായിരുന്നുവെന്ന് ഭൗതികവാദികൾ അവകാശപ്പെടുന്നു. അത് സാന്ദ്രതയുടെയും താപത്തിന്റെയും പാരമ്യത്തിലെത്തിയപ്പോൾ പൊട്ടിത്തെറിച്ചു. ആ സ്ഫോടനം അനന്തമായ അസംഖ്യം പൊട്ടിത്തെറികളുടെ ശൃംഖലയായി. സംഖ്യകൾക്ക് അതീതമായ അവസ്ഥയിൽ ആദിപദാർത്ഥത്തിന്റെ താപവും സാന്ദ്രതയും എത്തിയപ്പോഴാണ് അത് പൊട്ടിത്തെറിച്ചത്. ആ പൊട്ടിത്തെറിയുടെ ശബ്ദവും അളക്കാനാവാത്തതത്രെ. വൻ വിസ്ഫോടനത്തിന്റെ അതേ നിമിഷത്തിൽ മൂവായിരം കോടി ഡിഗ്രി താപമുള്ള പ്രപഞ്ചം ഉണ്ടായി. പൊട്ടിത്തെറിയുടെ ഫലമായി വികാസമുണ്ടായി. വികാസം കാരണമായി താപനില കുറയുവാൻ തുടങ്ങി. സ്ഫോടനം കഴിഞ്ഞ് നാല് നിമിഷം പിന്നിട്ടപ്പോൾ ന്യൂട്രോണുകളും പ്രോട്ടോണുകളും കൂടിച്ചേർന്നു. ആ സംഗമമാണ് നക്ഷത്രങ്ങൾ തൊട്ട് മനുഷ്യൻ വരെയുള്ള എല്ലാറ്റിന്റെയും ജന്മത്തിന് നാന്ദി കുറിച്ചത്. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തെളിയിച്ചിട്ടില്ലാത്ത, തെളിയിക്കപ്പെടാൻ കഴിയാത്ത, യുക്തിക്കു നിരക്കാത്ത, ശാസ്ത്രീയമല്ലാത്ത ഈ നിഗമനത്തെ മുൻനിർത്തിയാണ് ബൈബിളിലെ സൃഷ്ടിവാദത്തെ നിരാകരിക്കുവാൻ യുക്തിവാദികളും ആധുനികശാസ്ത്രകാരന്മാരും ശ്രമിക്കുന്നത്.



## കമ്മ്യൂണിസവും ക്രിസ്തുമതവും
### സാംസൺ കോട്ടൂരിന് വേദാഭിമാനിയുടെ മറുപടി

⇗ 6

മാർക്സിന്റെ മനുഷ്യസങ്കല്പം ആദ്യകാലത്തെ മാത്രമല്ല, പിൽക്കാലത്തെ രചനകളിലും സുവ്യക്തമായിരുന്നു. മനുഷ്യൻ അന്യവത്കരിക്കപ്പെടുന്നതും മനുഷ്യന്റെ മാനവികത നഷ്ടപ്പെടുന്നതും മൗലികമായി മനുഷ്യൻ ആയിരിക്കേണ്ട അവസ്ഥയിൽ നിന്നും അന്യനാണ് എന്നതും അദ്ദേഹത്തെ അലട്ടിയിരുന്നു. മനുഷ്യൻ ആയിരിക്കേണ്ട അവസ്ഥയിൽ എത്തിയിട്ടുമില്ല. മുതലാളിത്ത സാമൂഹ്യക്രമത്തിൽ യഥാർത്ഥ മാനവികത സാദ്ധ്യമല്ല. തൊഴിലാളിവർഗ്ഗത്തിന്റെ കാര്യത്തിൽ ഇത് പ്രത്യേകിച്ചും ശരിയാണ്. അവരുടെ ജീവിതത്തിലാണ് അന്യവത്കരണവും മാനവികതയുടെ നഷ്ടപ്പെടലും.

അന്യവത്കരണത്തെപ്പറ്റിയുള്ള സങ്കല്പം മാർക്സ് ഹെഗലിൽ നിന്ന് സ്വീകരിക്കുകയായിരുന്നു. അതിന്റെ ഉറവിടം ക്രിസ്തീയ പ്രവാചക പാരമ്പര്യമായിരുന്നു. അന്യവത്കരണത്തെക്കുറിച്ചുള്ള ക്രിസ്തീയ ധാരണയും മാർക്സിയൻ ധാരണയും തമ്മിൽ സാധർമ്മ്യവും വ്യത്യാസവുമുണ്ട്. ക്രിസ്തുമതത്തിൽ അന്യവത്കരണം മുഖ്യമായും മനുഷ്യന് ദൈവത്തിൽ നിന്നുള്ള അന്യവത്കരണമാണ്. മനുഷ്യന് മനുഷ്യനിൽ നിന്നുള്ള അന്യവത്കരണം അതിന്റെ ഫലമാണ്. മാർക്സിസത്തിൽ മനുഷ്യന് മനുഷ്യനിൽ നിന്നുള്ള അന്യവത്കരണം മാത്രമേയുള്ളൂ. മാർക്സിസത്തിൽ അന്യവത്കരണം മനുഷ്യനെ എത്തിക്കേണ്ട നിലയിൽ എത്തിക്കുന്നില്ല. അവന്റെ സാദ്ധ്യതകളെ മുരടിപ്പിക്കുന്നു. വ്യക്തിയെപ്പറ്റി മാത്രമല്ല സമൂഹത്തെപ്പറ്റിയും ഇത് ശരിയാണ്.



## ഡയെ്ലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ പൂരത്തിനുവരെ അനുമതികിട്ടി. നമുക്കു മാത്രം ഒന്നിനും അനുമതിയില്ല, ഇതെന്തു നീതി?

റീന സത്യൻ, കടമ്പനാട്, അടൂർ, പത്തനംതിട്ട

☹ ***വൈറസിന്റെ തറമേളവും കുടമാറ്റവും നമുക്ക് ഒഴിവായി കിട്ടിയതിൽ ആശ്വസിക്കാം.***

☺വിവാഹം സ്വർഗ്ഗത്തിലാണ് നടക്കുന്നതെങ്കിൽ നരകത്തിലോ?

ടി.എം.മാമ്മച്ചൻ, കുമ്മണ്ണൂർ, മുളന്തറ, കോന്നി

☹***വിവാഹാനന്തരജീവിതം***

☺ആത്മീയ നേതൃത്വത്തിൽ ഒരു അഴിച്ചുപണി വേണം എന്നു പറയുന്നു. അഴിച്ചാൽ പണിയാവില്ലേ?

മോനി സാബു, വാര്യാപുരം, ഇലന്തൂർ, പത്തനംതിട്ട

☹***പണിതാലല്ലേ അഴിച്ചെടുക്കാനാവൂ.***

☺ഒരു പണിയ്ക്കും പോകാതെ വീട്ടിൽ കുത്തിയിരിക്കുന്നവരെ പണ്ട് മടിയൻ എന്നാണ് വിളിച്ചിരുന്നത്. ഇന്ന് കാലം മാറി. ഈ കൊറോണകാലത്ത് അവരെ എന്തു വിളിയ്ക്കണം?

ജോയി പുന്നൂസ്, ചേന്നമറ്റം, പാമ്പാടി, കോട്ടയം

☹***പുറത്തിറങ്ങിയാൽ പണികിട്ടുന്ന കാലത്ത് അകത്തിരിക്കുന്നവർ ഉത്തരവാദിത്വമുള്ള പൗരൻ.***

☺പരപുരുഷനുമായി ഫോണിൽ സംസാരിച്ചതിന്റെ പേരിൽ അഫ്ഗാനിലെ സ്ത്രീയ്ക്ക് 40 ചാട്ടവാറടി. ഇവിടെയാണെങ്കിലോ?

സാലമ്മ കുര്യൻ, വെട്ടിതിട്ട, പിറവത്തൂർ, പുനലൂർ

☹***ഇവിടെ പരപുരുഷനില്ല. എല്ലാം സഹോദരി സഹോദരന്മാരാണ്***

☺രോഗം, മരണം, സാമ്പത്തിക തകർച്ച, ദാരിദ്ര്യം. എന്താണ് കൊറോണയുടെ ഉദ്ദേശ്യം.

വിൽസൻ ജോസഫ്, മഠത്തിക്കോണം, കാട്ടാക്കട, തിരുവനന്തപുരം

☹***എല്ലാം ഓരോ പ്ലേറ്റ് പോരട്ടെ എന്നാണ് പുള്ളി പറയുന്നത്.***

☺സമ്പന്നർ സ്വകാര്യ ജെറ്റുകളിൽ ചെറുദ്വീപുകളിലേക്ക് നാടുവിടുന്നു. സാധാരണക്കാർ എന്തു ചെയ്യും?

ജോമി ലോറൻസ്, എടക്കര, നിലമ്പൂർ, മലപ്പുറം

☹***വീടൊരു ദ്വീപായി കരുതി ദീർഘശ്വാസം വിട്ടിരിക്കുക***

☺2021-ൽ മറ്റു രാജ്യങ്ങൾ ഇന്ത്യയെ ഭയപ്പെടും എന്ന് പ്രധാനമന്ത്രി?

ലിജു നൈനാൻ, മലങ്കര, അടൂർ, പത്തനംതിട്ട

☹***കൊറോണ ഭീതിയാണെന്നു മാത്രം.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally